ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക
ESTD-1968

2025 ഫെബ്രുവരി 20 | ദീപം 57 | നാളം 49 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org

# സാമ്പത്തികപ്രതിസന്ധിയുടെ നടുക്കടലിൽ നീന്തിയും തുടിച്ചും





ഡിജോ കാപ്പൻ

സാമ്പത്തികപ്രതിസന്ധിയെ അതിജീവിക്കാൻ കേരളത്തിനു കഴിഞ്ഞ കാര്യം സന്തോഷപൂർവം അറിയിക്കുന്നു എന്ന ആമുഖത്തോടെയാണ് 2025-26 സാമ്പത്തികവർഷത്തെ ബജറ്റുപ്രസംഗത്തിന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ തുടക്കമിട്ടത്. ഭരണപക്ഷത്തെ എം.എൽ.എ. മാർ തങ്ങൾ എഴുതിക്കൊടുത്തിട്ടുള്ള പുതിയ പദ്ധതികൾ ബജറ്റിൽ മന്ത്രി പ്രഖ്യാപിക്കുമ്പോൾ കൈയടിക്കാൻ തയ്യാറായി രണ്ടു മണിക്കൂർ കാതുകൂർപ്പിച്ചിരുന്നതു പാഴായി. സാമ്പത്തികപ്രതിസന്ധി മറികടന്നു എന്ന് അവകാശപ്പെട്ട ധനമന്ത്രി, കഴിഞ്ഞ പ്രകടനപത്രികയിൽ പറഞ്ഞിരുന്ന ക്ഷേമപെൻഷൻവർധന (1600 ൽ നിന്ന് 2500 ലേക്ക്) പ്രഖ്യാപിക്കും എന്ന പ്രതീക്ഷയും നടപ്പായില്ല. അപ്പോൾആമുഖത്തിൽ ധനമന്ത്രി പറഞ്ഞത് യാഥാർഥ്യമല്ല വെറും വീമ്പുപറച്ചിൽ മാത്രമാണെന്ന് പ്രതിപക്ഷത്തിനു പറയാൻ അവസരം കൊടുക്കുകയാണു ചെയ്തത്. 2026 ൽ നിയമസഭാതിരഞ്ഞെടുപ്പിനെ നേരിടേണ്ടതുകൊണ്ട് അടുത്ത ബജറ്റിൽ ക്ഷേമപെൻഷൻവർധനയും, കൂടാതെ ഒരു സ്പെഷ്യൽ കിറ്റും നൽകി വോട്ടർമാരെ ഇക്കിളിപ്പെടുത്താനുള്ള തന്ത്രം ബാലഗോപാൽ മനസ്സിൽ കണ്ടിട്ടുണ്ടാവും.

1,52,352 കോടി രൂപ റവന്യൂ വരവും 1,79,476 കോടി രൂപ റവന്യൂച്ചെലവും 26,968 കോടി രൂപ മൂലധനച്ചെലവും കണക്കാക്കുന്ന ബജറ്റിന്റെ റവന്യൂ കമ്മി 27,124.53 കോടി രൂപയുടെയും ധനക്കമ്മി 45,039 കോടിയുടെയുമാണ്. ബജറ്റ് കണക്കാക്കുന്ന വികസനച്ചെലവ് 16,871.80 കോടിയുടേതാണ്. 1895 കോടിയുടെ ആറു പദ്ധതികൾ സ്വകാര്യപങ്കാളിത്തത്തോടെയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഭൂനികുതി 50 ശതമാനം കൂട്ടിയും പഴയ വാഹനങ്ങളുടെ ഉൾപ്പെടെ വാഹനനികുതികൾ വർധിപ്പിച്ചും 366 കോടിയുടെ അധികവരുമാനമാണ് ലക്ഷ്യമിടുന്നത്. ഇ-വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണ് കേന്ദ്രസർക്കാരിന്റെനയമെങ്കിലുംകേരളത്തിൽ ഇത്തരം വാഹനങ്ങൾക്കു നികുതി ചുമത്തുന്നത് വിപരീതഫലം ഉണ്ടാക്കും. ഒരുകാലത്ത് വിഴിഞ്ഞം തുറമുഖപദ്ധതിയെ എതിർത്തിരുന്ന ഇടതുനയം മാറ്റി ഇനിയുള്ള കേരളത്തിന്റെ വളർച്ച ഈ തുറമുഖത്തെ ചുറ്റിപ്പറ്റിയാണെന്ന തിരിച്ചറിവിലേക്ക് സർക്കാർ മാറി എന്നു സൂചിപ്പിക്കുന്നതാണ് ബജറ്റു നിർദേശങ്ങൾ. ലോകത്തെ പ്രധാന ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖങ്ങളായ സിംഗപ്പൂർ, ദുബായ് എന്നിവയുടെ മാതൃകയിൽ വിഴിഞ്ഞത്തെയും മാറ്റിയെടുക്കാനുള്ള പദ്ധതിക്കാണ് വിഴിഞ്ഞം - കൊല്ലം വികസനത്രികോണംഎന്നപേരിൽപണം നീക്കിവച്ചിരിക്കുന്നത്. ▶ 12

# ഖജനാവ് കാലി കണക്ക് പൊള്ള



റ്റി.സി. മാത്യു

ഖജനാവ് കാലി. അതിനാൽ പണച്ചെലവുള്ള ഒരു കാര്യവും ഏറ്റെടുക്കാൻ പറ്റില്ല. ഇതാണ് കേരളസർക്കാരിന്റെ ധനസ്ഥിതി. ഈ ദൈന്യം മുഴുവൻ കാണിക്കുന്നതായി ധനമന്ത്രി കെ.എൻ.ബാലഗോപാൽ കഴിഞ്ഞ ദിവസം അവതരിപ്പിച്ച സംസ്ഥാനബജറ്റ്.

സംസ്ഥാനം നേരിടുന്ന രൂക്ഷമായ ധനഞെരുക്കത്തിന്റെ തീക്ഷ്ണമായ ഘട്ടത്തെ കേരളം അതിജീവിച്ചിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടാണ് മന്ത്രി ബജറ്റ്പ്രസംഗം ആരംഭിച്ചത്. പക്ഷേ, അത് ഒരു മേനിവർത്തമാനമോ വെറുതെ സന്തോഷിപ്പിക്കാൻ പറഞ്ഞ പൊള്ള അവകാശവാദമോ ആകാം.

**ഒന്നും മാറിയില്ല**

കാര്യങ്ങൾക്കൊന്നും മാറ്റമില്ല എന്നതുതന്നെ സത്യം. കമ്മി കുറഞ്ഞിട്ടില്ല, കടം കുറഞ്ഞിട്ടില്ല, മൂലധനനിക്ഷേപം വർധിച്ചിട്ടില്ല. നിലവിലുള്ള ചെലവിനങ്ങൾ പലതിലും വലിയ കുടിശ്ശിക ശേഷിക്കുന്നു. പുതിയ ആനുകൂല്യങ്ങൾ ഒന്നും പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടില്ല.

എന്താണു കേരളം നേരിടുന്ന പ്രശ്നം? വരവിനെക്കാൾ വളരെ കൂടുതലാണു ചെലവ്. അതാണു പ്രശ്നം. റവന്യൂച്ചെലവ് റവന്യൂവരവിനെക്കാൾ വളരെ കൂടുതൽ. തന്മൂലം മൂലധനച്ചെലവിനുമാത്രമല്ല, റവന്യൂച്ചെലവിലെ കമ്മി നികത്താനും കടം എടുക്കേണ്ടിവരുന്നു.

**വരവും ചെലവും എങ്ങനെ?**

റവന്യൂ വരവ് എന്നാൽ ആനുകാലികമായി ലഭിക്കുന്ന നികുതിവരുമാനവും വിവിധ ഫീസുകളും ചാർജുകളും സർക്കാർ നടത്തുന്ന കമ്പനികളിലും കോർപ്പറേഷനുകളിലുംനിന്നുള്ള ലാഭവീതവും മറ്റുമാണ്. ശമ്പളം, പെൻഷൻ, പലിശ, സാധാരണ ഭരണച്ചെലവുകൾ എന്നിവയാണു റവന്യൂച്ചെലവിൽ വരുന്നത്. സർക്കാരിന് ആസ്തി ഉണ്ടാക്കുന്ന ചെലവുകളെ മൂലധനച്ചെലവ് എന്നു വിളിക്കുന്നു. അതിനു വരുമാനം കണ്ടെത്തുന്നത് കടമെടുത്തും മുൻകാലത്തു നൽകിയ കടങ്ങൾ തിരിച്ചു കിട്ടിയും സർക്കാരിന്റെ ഏതെങ്കിലും ആസ്തി വിറ്റും മറ്റുമാണ്.

മൂലധനച്ചെലവിനു കടമെടുക്കുന്നതു സാധാരണമാണ്. അതുപയോഗിച്ച് ഉണ്ടാക്കുന്ന ആസ്തികളിൽനിന്നു ഭാവിയിൽ വരുമാനം കിട്ടും. എന്നാൽ, റവന്യൂച്ചെലവിൽനിന്നു ഭാവിയിൽ ഒന്നും കിട്ടാനില്ല. അതുകൊണ്ടാണ് റവന്യൂച്ചെലവിനായി കടം എടുക്കരുതെന്നു പറയുന്നത്. ഹോട്ടലിൽ പോയി ഭക്ഷണം കഴിക്കാനോ സിനിമാ കാണുന്നതിനോ കടമെടുക്കുന്നതു പോലെയാണു റവന്യൂച്ചെലവിനു കടമെടുക്കുന്നത്. ഭാവിയിൽ അതു വലിയ ബാധ്യതയാകും.

**ശമ്പളം, പെൻഷൻ, പലിശ**

സംസ്ഥാനസർക്കാരിന്റെ റവന്യൂ വരുമാനത്തിന്റെ സിംഹഭാഗവും മൂന്നു കാര്യങ്ങൾക്കാണു ചെലവാക്കുന്നത്. ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്ക്.

അടുത്ത വർഷം പ്രതീക്ഷിക്കുന്ന ശമ്പളച്ചെലവ് 44,114.35 കോടി രൂപയാണ്. റവന്യൂച്ചെലവിന്റെ 24.58 ശതമാനവും റവന്യൂവരവിന്റെ 28.06 ശതമാനവും വരും ഇത്. പെൻഷൻ ചെലവ് 29,959.83 കോടി രൂപ. റവന്യൂച്ചെലവിന്റെ 17.73 ശതമാനമാണിത്. പലിശ നൽകാൻ 31,823.72 കോടി രൂപ വേണം. ഈ മൂന്നു ചെലവുകളും ചേരുമ്പോൾ 1,05,397.90 കോടി രൂപ.

സംസ്ഥാനം പ്രതീക്ഷിക്കുന്ന റവന്യൂ വരവ് 1,52,351.67 കോടി രൂപയാണ്. റവന്യൂ ചെലവ് 1,79,476.20 കോടിയും.

മുൻപറഞ്ഞ മൂന്നു ചെലവുകളും കൂടുമ്പോൾ റവന്യൂച്ചെലവിന്റെ 58.73 ഉം റവന്യൂ വരുമാനത്തിന്റെ 69.18 ഉം ശതമാനം വരും. 2023-24 ൽ ഈ മൂന്നും കൂടി ചെലവിന്റെ 63.92 ഉം വരവിന്റെ 73.24 ഉം ശതമാനം എത്തിയിരുന്നതാണ്. അവിടെനിന്നു ഗണ്യമായി താഴ്ത്താൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ, ഇനിയൊരു ശമ്പളപരിഷ്കരണം നടന്നാൽ വീണ്ടും അവസ്ഥ മോശമാകും. അതുകൊണ്ടാകും ശമ്പളപരിഷ്കാരകാര്യം ബജറ്റിൽ പറയാത്തത്.

**കുടിശ്ശികകൾ പറയാതെ**

വരുമാനത്തിന്റെ 70 ശതമാനത്തോളം മൂന്നു വലിയ ഇനങ്ങളിൽമാത്രം ചെലവാക്കുമ്പോൾ ശേഷിക്കുന്നതു 30 ശതമാനംമാത്രം. അതുകൊണ്ടുവേണം ആരോഗ്യം, കൃഷി, വ്യവസായം, വിദ്യാഭ്യാസം, പിന്നാക്കക്ഷേമം, ക്രമസമാധാനം തുടങ്ങിയ വിവിധ വകുപ്പുകളുടെയും കിഫ്ബിപദ്ധതിയിൽ പെടാത്ത മരാമത്തുപണികളുടെയും മറ്റും ചെലവുകൾ നിർവഹിക്കാൻ. അവകൾ പലതും കുടിശ്ശികയിട്ടിട്ടാണു ബജറ്റ് തയ്യാറാക്കുന്നത്. മരാമത്തു കോൺട്രാക്ടർമാർക്ക് 16,000 കോടി, ശമ്പളപരിഷ്കരണ കുടിശ്ശിക 15,000 കോടി, ക്ഷേമ പെൻഷൻകുടിശ്ശിക 3400 കോടി തുടങ്ങിയ വലിയ കുടിശ്ശികകളും ഉച്ചക്കഞ്ഞി പദ്ധതി, സ്കോളർഷിപ്പുകൾ, വിവിധ ഗ്രാന്റുകൾ തുടങ്ങിയ ചെറിയ കുടിശ്ശികകളും പറയാതെയാണു ബജറ്റ് വരവുചെലവും കമ്മിയും കാണിച്ചിരിക്കുന്നത്. ▶ 10

# മെത്രാന്മാരുടെ സിനഡിനായിരുന്നു പ്രാധാന്യം

നിഖ്യാസൂനഹദോസിന്റെ 1700-ാം വർഷം പ്രമാണിച്ച് നിഖ്യാസൂനഹദോസിനെയും നിഖ്യാവിശ്വാസപ്രമാണത്തെയുംകുറിച്ചുള്ള ഒരു പഠനപരമ്പര



ഫാ. ഡോ. ജയിംസ് പുലിയുറുമ്പിൽ

**6**


**1. ആദ്യകാല പ്രാദേശികസിനഡുകൾ**

അപ്പസ്തോലപ്രവർത്തനങ്ങൾ 15: 6-29 ൽ വിവരിക്കുന്നതനുസരിച്ച് ജറുസലേം കൗൺസിലാണ് സഭയിൽ നടന്നിട്ടുള്ള കൗൺസിലുകളുടെ മുന്നോടിയായി പലരും എടുത്തു കാണിക്കുന്നത്. എ.ഡി. 49 ൽ നടന്ന ഈ സമ്മേളനത്തിൽ അപ്പസ്തോലന്മാരും മൂപ്പന്മാരു(elders)മാണ് പങ്കെടുത്തത്. ഈ സമ്മേളനത്തിന് ഉപയോഗിച്ച വാക്ക് synodos (assembly) എന്നായിരുന്നു. അതിനാൽ, പിന്നീടുണ്ടായിട്ടുള്ള സിനഡുകൾ അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരാണു വിളിച്ചുകൂട്ടിയിരുന്നത്. മെത്രാന്മാരായിരുന്നു അതിൽ പങ്കെടുക്കുകയും നേതൃത്വം വഹിക്കുകയും ചെയ്തിരുന്നവർ. മോശയുടെ നിയമങ്ങൾ വിജാതീയർക്കും ബാധകമാണോ എന്നതായിരുന്നു ഇതിലെ പ്രധാന ചർച്ചാവിഷയം. വിജാതീയമതങ്ങളിൽനിന്ന് ക്രൈസ്തവരായവർക്ക് ഇവയുടെ ആവശ്യമില്ല എന്ന ചിന്തയാണ് പൗലോസും ബർണബാസും പുലർത്തിയിരുന്നത്. ഇവരുടെ ചിന്തയ്ക്കാണ് കൗൺസിലിൽ പ്രാമുഖ്യം ലഭിച്ചതും. ഈ ചിന്ത ജറുസലേം സഭയുടെ അധ്യക്ഷനായിരുന്ന യാക്കോബാണ് അന്ത്യോക്യായിലെ സഭയെ അറിയിക്കുന്നത്. അദ്ദേഹം പറയുന്നു: നിങ്ങൾക്കു വഹിക്കാൻ പറ്റാത്ത കാര്യങ്ങൾ നിങ്ങളോടു ഞാൻ ആവശ്യപ്പെടുന്നില്ല. നിങ്ങളുടെ സന്തോഷമാണു പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നത്. വിഗ്രഹങ്ങൾക്കർപ്പിച്ച ഭക്ഷണവും മാംസവും ശരീരത്തിന്റെ ആസക്തികളും നിങ്ങൾ വെടിയുക. ഇതാണ് എനിക്കു നിങ്ങളോടു പറയാനുള്ളത്.

ജറുസലേം കൗൺസിലിലെ 85 നിയമങ്ങൾ Apostolic Constitution എന്ന ഗ്രന്ഥത്തിന്റെ എട്ടാം വാല്യത്തിൽ ലഭ്യമാണ്. ഈ 85 നിയമങ്ങൾ മൂന്നാമത്തെ മാർപാപ്പയായ റോമിലെ വി. ക്ലെമന്റ് രചിച്ചതാണെന്നാണ് കരുതപ്പെടുന്നത്. അല്ലാതെ, അപ്പസ്തോലന്മാർതന്നെ അവ രചിച്ചു തലമുറകൾക്കു കൈമാറിയതാണെന്നു കരുതാനാവില്ല. എന്നാൽ, ഈ 85 കാനോനകളും അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് വിരചിതമായതെന്നും 341 ൽ അന്ത്യോക്യായിൽ നടന്ന ഒരു കൗൺസിലിന്റെ കാനോനകളാണ് ഇവയെന്നും പറയുന്ന ചരിത്രകാരന്മാരുണ്ട്. 341 ലെയോ മറ്റു പഴയ കൗൺസിലുകളുടെയോ മാതൃകയിൽ ഇവ രചിച്ച് Apostolic Constitution ൽ കൂട്ടിച്ചേർത്തതാണ് എന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. മധ്യകാലഘട്ടത്തിലാണ് ജറുസലേം കൗൺസിലിന്റെ ഈ 85 കാനോനകൾ യഥാർഥങ്ങളാണെന്ന് സഭ ആദ്യമായി ഔദ്യോഗികമായി പഠിപ്പിച്ചത്.

**2. കൗൺസിലുകളുടെ പാശ്ചാത്യ-പൗരസ്ത്യവ്യത്യാസം**

രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഏഷ്യാമൈനറിൽ മൊണ്ടാനിസം എന്ന പാഷണ്ഡതയെ എതിർക്കാൻ മെത്രാന്മാരുടെ ഒരു സിനഡ് കൂടുകയുണ്ടായി. ജറുസലേം കൗൺസിലിന്റെ മാതൃകയിലാണ് അതു നടന്നതെന്നാണ് ചരിത്രകാരന്മാർ പറയുന്നത്. ഈ സമയങ്ങളിൽ റോമായിലെ സഭയിലും ഇടയ്ക്കിടെ പ്രാദേശികസിനഡുകൾ കൂടുമായിരുന്നു. എന്നാൽ, അവയുടെ ഘടന പൗരസ്ത്യസഭകളിലേതിൽനിന്നു കുറേയൊക്കെ വ്യത്യസ്തങ്ങളായിരുന്നു. പ്രാദേശികസൂനഹദോസുകൾക്ക് അന്നു നിയതരൂപമില്ലായിരുന്നു. കാരണം, അക്കാലത്ത് പ്രാദേശികസഭകളുടെ വളർച്ചയും ഘടനയും വ്യത്യസ്തമായിരുന്നു. ഇടവകകളുടെ രൂപീകരണം, നടത്തിപ്പ്, വൈദികരുടെയും മെത്രാന്മാരുടെയും ഉത്തരവാദിത്വങ്ങൾ, പ്രവർത്തനമണ്ഡലങ്ങൾ എല്ലാം വ്യത്യസ്തമായിരുന്നു. ഉദാഹരണമായി, രണ്ടാം നൂറ്റാണ്ടിൽ റോമിൽ ടൗൺ പള്ളികളിലെ വൈദികർക്കായിരുന്നു മുൻഗണന. ആ




പട്ടണത്തിനു ചുറ്റുപാടുമുള്ള ഇടവകകളിലെ വൈദികർ അവരുടെ സഹായികൾ(assistants)പോലെയായിരുന്നു. എന്നാൽ, ഏഷ്യാമൈനറിൽ അന്ന് ഓരോ വൈദികനും സ്വതന്ത്രചുമതലയായിരുന്നു. റോമിലോ ഏഷ്യാമൈനറിലോ എവിടെയായിരുന്നാലും സഭയിൽ വ്യത്യസ്തങ്ങളായ ആശയങ്ങളോ വിഘടനചിന്തകളോ കണ്ടാൽ ഉടനെ ആ പ്രദേശത്തെ മെത്രാന്മാർ ഒരുമിച്ചുകൂടി പ്രശ്നങ്ങൾ ചർച്ചചെയ്തു തീരുമാനമെടുത്തിരുന്നു. ഇത്തരം അവസരങ്ങളിൽ മുൻഗണന അപ്പസ്തോലന്മാർതന്നെ തുടങ്ങിയ സഭകളിലായിരുന്നു. ഇതിനൊരുദാഹരണമാണ് റോമിലെ മെത്രാനായിരുന്ന വിക്ടർ 197 ൽ ഒരു സിനഡ് വിളിച്ചുകൂട്ടി ഈസ്റ്റർതീയതിയെ സംബന്ധിച്ചുള്ള പൗരസ്ത്യനിലപാടിനെതിരേ തീരുമാനമെടുത്തത്.

മൂന്നാം നൂറ്റാണ്ടായപ്പോഴേക്കും എപ്പിസ്കോപ്പൽ സിനഡുകൾ വിളിച്ചുകൂട്ടുക ഒരു സാധാരണകാര്യമായിത്തീർന്നു. മെത്രാപ്പോലീത്താമാരുടെ പ്രാധാന്യവും അധികാരവും അന്നു വർധിച്ചുവരുന്നുണ്ടായിരുന്നെങ്കിലും മെത്രാന്മാരുടെ സിനഡിനായിരുന്നു അതിലും പ്രാധാന്യവും പ്രസക്തിയും. 256 ൽ കാർത്തേജിലെ മെത്രാനായ സിപ്രിയാൻ ഇത്തരം ഒരു സിനഡ് വിളിച്ചുകൂട്ടുന്നുണ്ട്. 87 ആഫ്രിക്കൻമെത്രാന്മാർ അതിൽ പങ്കെടുത്തു. പാഷണ്ഡമാമ്മോദീസായെ എതിർക്കാനായിരുന്നു ഈ സിനഡുകൊണ്ട് ഉദ്ദേശിച്ചത്. നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സ്പെയിനിലെ എൽവീരയിൽവച്ച് മറ്റൊരു സിനഡ് കൂടുന്നുണ്ട്. 19 മെത്രാന്മാരും 24 വൈദികരും അതിൽ പങ്കെടുത്തു. 81 കാനോനകളാണ് അതിൽ നിന്നുണ്ടായത്.

ഇവയെല്ലാം വിളിച്ചുകൂട്ടിയ രീതികളും അവയുടെ നടത്തിപ്പും തീരുമാനങ്ങളും എല്ലാം നിയമസാധുതയുള്ളതാണോ എന്നത് കൃത്യമായ കാര്യമല്ല. എങ്കിലും, സഭയുടെ പാരമ്പര്യമനുസരിച്ചുമാത്രമാണ് ഇവയെല്ലാം നടന്നിട്ടുള്ളതെന്നും അന്നത്തെ മറ്റു സഭകളും ഇതിനോടു സഹകരിച്ചിരുന്നുവെന്നും വേണം കരുതാൻ. ഇവ ഒരിക്കലും അതിനാൽ സഭയുടെ സാർവത്രികസ്വഭാവത്തിനു തടസ്സമായി നിന്നിട്ടില്ല. നാലാം നൂറ്റാണ്ട് ആയപ്പോഴേക്കും ഇത്തരം മെത്രാന്മാരുടെ സിനഡുകൾ സാധാരണങ്ങളായിത്തീർന്നു എന്ന് 325 ലെ നിഖ്യാ സൂനഹദോസിന്റെ അഞ്ചാമത്തെ കാനോനയിൽ കാണാൻ സാധിക്കും. ഈ കാനോന ഇത്തരം രണ്ടു സമ്മേളനം വർഷംതോറും ഓരോ സഭയിലും കൂടണമെന്ന് അനുശാസിക്കുന്നു.

കോൺസ്റ്റൈൻ ചക്രവർത്തി ക്രിസ്തുമതത്തിനു സ്വാതന്ത്ര്യം കൊടുത്തതിനും റോമാസാമ്രാജ്യത്തിലെ പ്രധാനമതമായി പ്രഖ്യാപിച്ചതിനുംശേഷംമാത്രമാണ് റോമാസാമ്രാജ്യത്തിലെ (Graeco-Roman world) മുഴുവൻ മെത്രാന്മാരെയും ഒരുമിച്ചുകൂട്ടിയുള്ള സമ്മേളനത്തിനു സാധ്യതയും പ്രസക്തിയും ഉണ്ടാകുന്നത്. രാജ്യതാത്പര്യം സംരക്ഷിക്കാൻകൂടി അതിനാൽ ഇത്തരം സമ്മേളനങ്ങൾക്കു സാധ്യതയുണ്ടായിരുന്നു. ആൾസിൽ (Arles) വച്ച് 314 ൽ കോൺസ്റ്റന്റയിൻചക്രവർത്തി പാശ്ചാത്യറോമാസാമ്രാജ്യത്തിലെ 33 മെത്രാന്മാരുടെ ഒരു സിനഡ് വിളിച്ചുകൂട്ടി. മൂന്നു കാര്യങ്ങളാണ് ഇതിൽ ചർച്ചചെയ്തത്: 1. ആഫ്രിക്കയിലെ സഭയിൽ അക്കാലത്തു ജന്മമെടുത്ത ഡൊണാറ്റിസ്റ്റ് പാഷണ്ഡത, 2.പാഷണ്ഡമാമ്മോദീസ, 3. ഈസ്റ്റർദിനവിവാദം. പത്തുവർഷങ്ങൾക്കുശേഷം 325 ൽ കോൺസ്റ്റൈൻതന്നെ നിഖ്യായിൽവച്ച് മറ്റൊരു സിനഡും വിളിച്ചുകൂട്ടി. രാജ്യത്തിലെ മുഴുവൻ സഭകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു ഇത്. 343 ൽ സാർദിക്കായിൽ വിളിച്ചുകൂട്ടിയ സിനഡും എല്ലാ സഭകളെയും ഉദ്ദേശിച്ചായിരുന്നുവെങ്കിലും അതിനു പിന്നീട് സാർവത്രികസ്വഭാവം നൽകിയില്ല. 359 ൽ പാശ്ചാത്യറോമാസാമ്രാജ്യത്തിനുവേണ്ടി ഇറ്റലിയിലെ റിമിനിയിലും പൗരസ്ത്യറോമാസാമ്രാജ്യത്തിനുവേണ്ടി സെലൂഷ്യായിലും ഒരേസമയം സിനഡ് നടത്തിയിട്ടുണ്ട്. എന്നാൽ, ഇവയും സാർവത്രികസിനഡായി പരിഗണിക്കപ്പെട്ടില്ല. 381 ലെ കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് പൗരസ്ത്യറോമാസാമ്രാജ്യത്തിലെ മെത്രാന്മാരെ ഉദ്ദേശിച്ച് വിളിച്ചുകൂട്ടിയതാണെങ്കിലും പിന്നീട് പാശ്ചാത്യസഭയും അംഗീകാരം നൽകി. അതിനാൽ, ഇതിനെ സാർവത്രികസൂനഹദോസായി പിന്നീട് 451 ലെ കാൽസിഡൻ കൗൺസിൽ അംഗീകരിക്കുകയാണു ചെയ്തത്. ഇതിൽ ചർച്ചാവിഷയമായിരുന്ന പരിശുദ്ധാത്മാവിന്റെ ദൈവത്വവും ഇതിന് അന്നത്തെ മാർപാപ്പാ നൽകിയ അംഗീകാരവുമാണ് ഇതിനു സാർവത്രികസ്വഭാവം നൽകാൻ കാരണമായത്.

കാലക്രമത്തിൽ മെത്രാപ്പോലീത്തമാരുടെയും പാത്രിയർക്കീസുമാരുടെയും അധികാരം വർധിച്ചുവന്നതനുസരിച്ച് അവർ അവരുടെ സഭകളിൽ യഥാക്രമം എപ്പിസ്കോപ്പൽ സിനഡുകളും പാത്രിയാർക്കൽ സിനഡുകളും വിളിച്ചുകൂട്ടിക്കൊണ്ടിരുന്നു. അലക്സാണ്ട്രിയ, അന്ത്യോക്യാ, പിന്നീട് കോൺസ്റ്റാന്റിനോപ്പിൾ എന്നീ പാത്രിയാർക്കൽ സഭകളിലാണ് ഇടയ്ക്കിടെ ഇത്തരം സൂനഹദോസുകൾ നടന്നിരുന്നത്. കൂടാതെ, പൗരസ്ത്യറോമാസാമ്രാജ്യത്തിൽ വർഷത്തിൽ രണ്ടു പ്രാവശ്യം പ്രാദേശികസൂനഹദോസുകളും നടന്നിരുന്നു. മെത്രാന്മാരുടെ നിയമനവും വാഴ്ചയും സഭയെ അലട്ടിയിരുന്ന പ്രശ്നങ്ങളുമാണ് ഇത്തരം പ്രാദേശികസൂനഹദോസുകളിൽ ചർച്ചചെയ്തിരുന്നത്. വടക്കേ ആഫ്രിക്കയിൽ കാർത്തേജിലെ സഭ, ഒരു പാത്രിയാർക്കൽസഭ അല്ലായിരുന്നുവെങ്കിലും ആഫ്രിക്കൻ മെത്രാന്മാരുടെ സൂനഹദോസുകൾ ഇടയ്ക്കിടെ നടന്നിരുന്നു.

*(തുടരും)*

# സ്വസ്ഥമായ ജീവിതം മനുഷ്യന്റെ അവകാശമാണ്



അഡ്വ. ചാർളി പോൾ

മനുഷ്യനെ നരി തിന്നുന്നതിലെ അരക്ഷിതാവസ്ഥയും ദുര്യോഗവും ആവിഷ്കരിക്കുന്ന കവിതയാണ് ഇടശ്ശേരി ഗോവിന്ദൻ നായർ എഴുതിയ 'ബുദ്ധനും നരിയും ഞാനും.' 'അരിയില്ല, തുണിയില്ല, ദുരിതമാണെന്നാലും നരി തിന്നാൽ നന്നോ, മനുഷ്യന്മാരെ' എന്ന കവിതയിലെ വരികൾ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ എഴുതിയതാണെങ്കിലും ഈ 21-ാം നൂറ്റാണ്ടിലും പ്രസക്തമാണ്. അതേ അരക്ഷിതാവസ്ഥയിലും ദുരിതത്തിലും ഗതികേടിലുമാണ് മലയോരജനത. വയനാട് മാനന്തവാടിയിൽ കാപ്പിത്തോട്ടത്തിൽ ജോലിക്കുപോയ ആദിവാസിവനിതയെ പട്ടാപ്പകലാണ് കടുവ പിടിച്ചുകൊണ്ടുപോയി കൊന്നുതിന്നത്. നരഭോജിയായ കടുവ മറ്റേതു വന്യജീവിയെക്കാളും അപകടകാരിയാണ്. ഏതുനിമിഷവും മനുഷ്യജീവൻ അപകടത്തിലാകുന്ന അരക്ഷിതവും ഭീതിജനകവുമായ അവസ്ഥയാണ് മലയോരമേഖലയിലുള്ളത്.

കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ മാത്രം ഒമ്പതു പേർ കടുവകളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു. കേരളത്തിലെ കാടുകളിൽ 2010 ൽ 71 കടുവകൾ ഉണ്ടായിരുന്നത് 2023 ആയപ്പോൾ 213 ആയെന്നാണു കണക്ക്. വയനാട്ടിലെ ജനവാസകേന്ദ്രങ്ങളിൽനിന്ന് 2012 മുതൽ 2022 വരെ 36 കടുവകളെ പിടികൂടിയിട്ടുണ്ട്. ആന, കടുവ, കാട്ടുപന്നി എന്നിവയുടെ ആക്രമണത്തിൽ 2020-21 ൽ മാത്രം 114 പേർ കൊല്ലപ്പെട്ടു. മുറിവേല്പിക്കപ്പെട്ടവർ 758. കൊല്ലപ്പെട്ട പശുക്കളുടെ എണ്ണം 514. വന്യജീവി ആക്രമണങ്ങളിൽ കഴിഞ്ഞ പത്തു വർഷത്തിനിടെ വയനാടു ജില്ലയിൽ മാത്രം 60 പേർ കൊല്ലപ്പെട്ടു. ഇവരിൽ 51 പേരെ കൊന്നത് കാട്ടാനകളാണ്. വയനാട്ടിൽ 1980 മുതൽ 2023 വരെ വന്യമൃഗാക്രമണത്തിൽ 151 പേർ കൊല്ലപ്പെട്ടു. ഇക്കാലയളവിൽ തിരുനെല്ലി പഞ്ചായത്തിൽമാത്രം 88 പേർ കൊല്ലപ്പെട്ടു. വന്യജീവിയാക്രമണത്തിൽ ജില്ലയിൽ 645 പേർക്കു ഗുരുതരപരിക്കേറ്റു. 250 ലധികം വീടുകൾ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ തകർന്നു. 95 വാഹനങ്ങൾ തകർക്കപ്പെട്ടു. ഹെക്ടർ കണക്കിനു ഭൂമിയിൽ കൃഷിനാശമുണ്ടായി. മനുഷ്യരുടെ ജീവിതം വന്യജീവികൾ കാർന്നുതിന്നുകയാണ്. ചങ്കുപിടയ്ക്കുന്ന സങ്കടങ്ങളും മനസ്സുനോവിക്കുന്ന കണ്ണീർക്കഥകളുമാണ് മലയോരജനതയ്ക്കു പറയാനുള്ളത്.

മനുഷ്യ-വന്യമൃഗസംഘർഷത്തിനു മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. ആയിരക്കണക്കിനു വർഷങ്ങൾ പ്രകൃതിയോടെന്നപോലെ മൃഗങ്ങളോടും മല്ലിട്ടാണു മനുഷ്യൻ ജീവിച്ചത്. മനുഷ്യൻ ക്രമേണ കാടിറങ്ങി സ്വന്തം ആവാസവ്യവസ്ഥയും വിഭവങ്ങളും ഭക്ഷണശൃംഖലയും രൂപപ്പെടുത്തി. സംഘർഷത്തിൽ അയവും വന്നു. എന്നാൽ, ക്രമേണ കാട്ടിലെ കാലാവസ്ഥാവ്യതിയാനം, ഭക്ഷണ-കുടിവെള്ളക്ഷാമം, കാടിനോടുചേർന്നുള്ള കൃഷി, വന്യമൃഗങ്ങളുടെ വംശവർധന തുടങ്ങി ഒട്ടേറെ കാരണങ്ങൾ വീണ്ടും സംഘർഷത്തിലേക്കു നയിക്കുകയാണ്. ഭൂമിയിൽ മനുഷ്യനോളം വലുതായിട്ടൊന്നുമില്ല, മനുഷ്യനു സ്വസ്ഥമായി ജീവിക്കാനുള്ള അവകാശത്തിനുമേലേയാകരുത് വന്യജീവിസംരക്ഷണനിയമങ്ങൾ.

ആധുനികപ്രതിരോധമാർഗങ്ങളും പരിഷ്കൃത രാജ്യങ്ങളിൽ പരീക്ഷിച്ചു വിജയിച്ച പദ്ധതികളും ഇവിടെ ആവിഷ്കരിക്കണം. സൗരോർജത്താൽ പ്രവർത്തിക്കുന്ന വൈദ്യുതവേലികൾ വ്യാപകമായി നിർമിക്കണം. കേരളത്തിലെ വനങ്ങളുടെ അതിർത്തി 16,000 കിലോമീറ്ററാണ്. അതിൽ 550 കി.മീറ്ററിൽ മാത്രമാണ് ഇപ്പോൾ സൗരവേലിയുള്ളത്. വലിയ കിടങ്ങുകൾ ഉണ്ടാക്കിയും തേനീച്ചക്കോളനികൾ വനാതിർത്തിയിൽ തുടരെ സ്ഥാപിച്ചും പരിഹാരം കണ്ടെത്താം. ഭക്ഷണവും വെള്ളവും തേടി ജനവാസമേഖലയിൽ പ്രവേശിക്കുന്നത് ഒഴിവാക്കാൻ ജലവും ഭക്ഷ്യവസ്തുക്കളും കാട്ടിനുള്ളിൽതന്നെ ലഭ്യമാക്കാനുള്ള വനംവകുപ്പിന്റെ 'മിഷൻ ഫുഡ്, ഫോഡർ ആന്റ് വാട്ടർ' പദ്ധതി ഉടൻ നടപ്പിലാക്കണം. വനാന്തരത്തിലെ ജലസ്രോതസ്സുകൾ പരിപാലിച്ചും ചെളി, മണൽ നീക്കംചെയ്ത് സംഭരണശേഷി കൂട്ടിയും പുതുതായി കുളങ്ങൾ നിർമിച്ചും വെള്ളപ്രശ്നത്തിനു പരിഹാരം കണ്ടെത്താം. മണ്ണിലെ സ്വാഭാവികജലാംശം ഇല്ലാതാക്കുന്ന അക്കേഷ്യാ, യൂക്കാലിപ്റ്റ്സ്, മാഞ്ചിയം മുതലായ വിദേശയിനം വൃക്ഷത്തോട്ടങ്ങൾ നീക്കംചെയ്യണം. മഞ്ഞക്കൊന്ന, ലെന്റാന, സെന്ന തുടങ്ങിയ അധിനിവേശസസ്യങ്ങളെ ഉന്മൂലനം ചെയ്യണം. സ്വാഭാവികവനങ്ങളെ വളരാൻ അനുവദിച്ച്, വനത്തിനകത്തെ വയലുകൾ വൃത്തിയാക്കി അവിടെ മുള, ഇല്ലി തുടങ്ങിയ തദ്ദേശീയ സസ്യങ്ങളും പ്ലാവ്, മാവ്, ആഞ്ഞിലി തുടങ്ങിയ ഫലവൃക്ഷങ്ങളും വച്ചുപിടിപ്പിക്കണം. മുളയും ഈറ്റയുമെല്ലാം ആനയുടെ വിശിഷ്ടഭോജ്യമാണ്.

നമ്മുടെ വനത്തിനു താങ്ങാൻ കഴിയുന്നതിലേറെയുള്ള മൃഗങ്ങളെ ശാസ്ത്രീയമായ രീതിയിൽ



ഇല്ലായ്മ ചെയ്തു വനത്തിന്റെ സന്തുലിതാവസ്ഥ വീണ്ടെടുക്കണം. കൂടുതലുള്ളതിനെ മൃഗശാലകൾക്കും വന്യമൃഗകേന്ദ്രങ്ങൾക്കും നല്കാം. ഏറെ നാശനഷ്ടങ്ങളുണ്ടാക്കുന്ന കാട്ടുപന്നികള കേന്ദ്രവന്യമൃഗസംരക്ഷണനിയമം 62-ാം വകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്നതുപോലെ ക്ഷുദ്രജീവികളായി പ്രഖ്യാപിച്ച് വെടിവച്ചു കൊല്ലാൻ കർഷകരെ അധികാരപ്പെടുത്തണം. ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ കാട്ടുപന്നി, ചിലതരം കുരങ്ങുകൾ എന്നിവയെല്ലാം ക്ഷുദ്രജീവികളായി പ്രഖ്യാപിച്ചുകഴിഞ്ഞു. തമിഴ്നാട് സർക്കാർ കാട്ടുപന്നികളെ കൊല്ലാൻ ഉത്തരവിട്ടുകഴിഞ്ഞു. കേരളത്തിൽ വനപ്രദേശങ്ങളോടുചേർന്നാണ് നാനൂറിൽപ്പരം പഞ്ചായത്തുകൾ ഉള്ളത്. അവിടത്തെ ഒന്നരക്കോടിയോളം ജനങ്ങളാണ് മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ മുൾമുനയിൽ ജീവിക്കുന്നത്. മരണഭീതിയിൽ ഉറങ്ങാൻ കഴിയാത്ത അവസ്ഥയാണ്. അത്യന്തം ആപത്കരവും ഭയാനകവുമായ ഈ അവസ്ഥയ്ക്കു പരിഹാരമുണ്ടായേ തീരൂ. സ്വസ്ഥമായ ജീവിതം മനുഷ്യന്റെ അവകാശമാണ്. അത് സാർഥകമാക്കേണ്ടത് അധികാരികളുടെ ബാധ്യതയാണ്. ■




മാത്യൂസ് ആർപ്പൂക്കര

# കടലിൽ സത്വങ്ങൾ



ദിനോസറുകളും മറ്റും ഭൂമുഖത്തുനിന്നും എന്നന്നേക്കുമായി അപ്രത്യക്ഷമായപ്പോൾ കടൽസത്വങ്ങളും അവയോടൊപ്പം ഓർമകളിലേക്കു വിടവാങ്ങി. കടൽസത്വങ്ങളെപ്പറ്റിയുള്ള മനുഷ്യഭാവനയ്ക്ക് പ്രാചീനമനുഷ്യചരിത്രത്തോളംതന്നെ പഴക്കമുണ്ടെന്നു കരുതണം. കടൽസത്വങ്ങളുടെ പിൻഗാമികൾ ഇന്നും കടലിലെ അറിയപ്പെടാത്ത, ദുരൂഹമായ മേഖലകളിൽ ഉണ്ടെന്ന വിശ്വാസം പല രാജ്യങ്ങളിലും നിലനില്ക്കുന്നുണ്ട്.

പഴയകാല നാവികരിൽ ചിലരൊക്കെ കടലിലൂടെ സഞ്ചരിക്കുമ്പോൾ ഭീകരകടൽജീവികളെ കണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. അനന്തവും അപാരവുമായ കടലിന്റെ വന്യമായ മൂകതയെ തകർത്തുകൊണ്ട് അത്തരം കടൽസത്വങ്ങൾ പൊടുന്നനേ തിരകൾക്കുമേലേ പ്രത്യക്ഷപ്പെടാറുണ്ടത്രേ! വളഞ്ഞുപുളഞ്ഞു വെള്ളത്തിനുമേലേ വിക്രിയകൾ കാട്ടി മുങ്ങാംകുഴിയിട്ടു നീങ്ങുന്ന ഭീകരസർപ്പങ്ങളെപ്പോലെയാണ് ചിലർ കടൽസത്വങ്ങളെ കണ്ടതായി വിവരിച്ചത്. ഭയാനകമായ കൂർത്തുമൂർത്ത അവയുടെ പല്ലുകൾ ചില നാവികർ വിവരിച്ചു. ചിലരാകട്ടെ, കടൽസത്വങ്ങൾക്ക് കുതിരകൾക്കുള്ളതുപോലെ ശരീരത്തിലുടനീളം കുഞ്ചിരോമങ്ങളുള്ളതായും ചിത്രീകരിച്ചു.

കടൽസത്വങ്ങളെപ്പറ്റിയുള്ള നിറംപിടിപ്പിച്ച ഇത്തരം കഥകളും വർണനകളും ജനകോടികളുടെ കടലറിവുകളിൽ കുടിയേറി നില്ക്കുന്നുണ്ട്. കപ്പലുകളോ നാവികവാഹനങ്ങളോ കടന്നുചെല്ലാത്ത വിശാലമായ കടൽപ്പരപ്പിലെവിടെയെല്ലാമോ ഈ മാതിരി ഭീകരജീവികൾ അലഞ്ഞുതിരിയുന്നുണ്ടെന്ന വിശ്വാസം ആധുനികകാലത്തും ചിലർ വച്ചുപുലർത്തുന്നുണ്ട്.

കടലിലെ ഭീകരജീവികളെപ്പറ്റിയുള്ള സങ്കല്പങ്ങൾ അഥവാ അറിവുകൾ സത്യമോ മിഥ്യയോ ആകട്ടെ, ഒരു കാര്യം വ്യക്തം. ഭൂമിയിൽ ജീവന്റെ പരിണാമദശയിൽ കരയിൽ ദിനോസറുകൾ എന്നപോലെ കടലിലും ഒട്ടനവധി വമ്പൻ ജീവികൾ ഉണ്ടായിരുന്നതായി കരുതണം. കരയിൽ ഭക്ഷണം ദുർലഭമായപ്പോൾ അതൊക്കെ സുലഭമായി കിട്ടിയ കടലിലേക്കിറങ്ങി. അവിടെ താവളമാക്കിയ ഉരഗങ്ങളാവാം യഥാർഥത്തിൽ കടൽസത്വങ്ങളുടെ പൂർവികർ. പിൽക്കാലത്ത് ദിനോസറുകൾ അപ്രത്യക്ഷമായ കാലത്തുതന്നെ അജ്ഞാതകാരണങ്ങളാൽ അവറ്റയും ചത്തൊടുങ്ങി, ഓർമക്കുറിപ്പുകളായി ഫോസിലുകൾമാത്രം അവശേഷിപ്പിച്ചുകൊണ്ട്. അതേ, ഫോസിലുകളിൽനിന്നു കമ്പ്യൂട്ടർസഹായത്തോടെ ആ ഭീകരസത്വങ്ങളുടെ യഥാർഥമെന്നു തോന്നിപ്പിക്കുന്ന ചിത്രങ്ങൾ ഇന്നിപ്പോൾ ലഭ്യമാണ്.

(തുടരും)

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



ജ്ഞാനത്തിൽ മനസ്സുറപ്പിച്ചു ബുദ്ധിപൂർവം ചിന്തിക്കുന്നവൻ അനുഗൃഹീതൻ.

പ്രഭാഷകൻ 12:20

**എഡിറ്റോറിയൽ**

# ഈ അന്ധവിശ്വാസികളെ ആരു തിരുത്തും?

**അ**ന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല, മനുഷ്യനുള്ള കാലംതൊട്ടേ രൂപപ്പെട്ടുവന്നവയാണ്. വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും കൊണ്ടു കെട്ടുപിണഞ്ഞുകിടക്കുന്ന ഒരു പ്രത്യേക മാനസികാവസ്ഥയിൽ പണ്ഡിതപാമരഭേദമെന്യേ മനുഷ്യൻ വീർപ്പുമുട്ടുന്നുവെന്ന പരമാർഥം നിഷേധിക്കാനാവാത്ത ഒരു വസ്തുതയാണ്. നവോത്ഥാന കേരളമെന്നു പറഞ്ഞ് നാം ഊറ്റംകൊള്ളുമ്പോഴും അതിന്റെ സാംസ്കാരികഔന്നത്യമോ ബൗദ്ധികപ്രഭാവമോ തൊട്ടുതീണ്ടിയിട്ടില്ലാത്ത ആശയങ്ങളും പെരുമാറ്റശീലങ്ങളും നമ്മെ വട്ടമിട്ടു പറക്കുന്നുണ്ട്. യുക്തിഭദ്രമായ ഒരു വിശ്വാസക്രമത്തിനും അച്ചടക്കത്തിനുമപ്പുറം, ഇന്നലെകളിൽ കേരളം മണ്ണിനടിയിലേക്കു ചവിട്ടിത്താഴ്ത്തിയ കുറേ അനാചാരങ്ങളിലും ആഭിചാരക്രിയകളിലും നമ്മുടെ മനസ്സുടക്കുന്നുണ്ടെങ്കിൽ, സംശയിക്കേണ്ട, നമ്മുടെ ആത്മീയതയും സംസ്കാരവും ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

സുഖവും സന്തോഷവും സമ്പത്തും അധ്വാനമില്ലാതെ ആർജിക്കാനുള്ള മനുഷ്യാന്വേഷണങ്ങൾക്കും അലച്ചിലുകൾക്കും ശമനമില്ലാത്ത കാലമാണിത്. 'സമൃദ്ധിയുടെ ആത്മീയത' വിളമ്പി വിരുന്നൂട്ടു നടത്തുന്ന പ്രവചനക്കാരും ജ്യോത്സ്യന്മാരും വെളിച്ചപ്പാടുകളും ഉറഞ്ഞുതുള്ളുന്ന കലികാലംതന്നെയാണിത്. രോഗശാന്തിക്കും ശത്രുദോഷപ്പൊറുതിക്കും മറ്റും മനുഷ്യൻ നരബലിയടക്കമുള്ള ഏതു നീചകൃത്യത്തിനും വശംവദരാകുന്ന ഒരുതരം അടിമത്തത്തിന്റെ ഭീകരതയാണ് മനുഷ്യനെ ഭരിക്കുന്നതെന്നു പറയേണ്ടിവരും. അതേ, നമ്മുടെ കാഴ്ചപ്പാടുകൾക്കും വിശ്വാസവീക്ഷണങ്ങൾക്കും എവിടെയൊക്കെയോ തകരാറുണ്ടെന്ന് തുറന്നുസമ്മതിക്കുകതന്നെ വേണം.

പത്തനംതിട്ട ഇലന്തൂരിലും ഇടുക്കി കമ്പകക്കാനത്തും ഈയിടെ പാലക്കാട്ട് പോത്തുണ്ടിയിലും അരങ്ങേറിയ കൊലപാതകങ്ങൾക്കു പ്രേരണയായത് അന്ധവിശ്വാസത്തിന്റെ ക്രൂരവിളയാട്ടങ്ങളാണെന്ന കണ്ടെത്തലുകൾ സ്വാഭാവികതയോടെ കേൾക്കാൻ മലയാളി ഒരുപക്ഷേ, ശീലിച്ചിട്ടുണ്ടാവണം! അയൽപക്കത്തുള്ള മുടിനീളമുള്ള സ്ത്രീയാണ്, ഭാര്യയും മകളും തന്നെ വിട്ടുപോകാൻ കാരണമെന്ന പ്രവചനക്കാരന്റെ വാക്കുകളാണ് പകയുടെ തീക്കനലേറ്റ് പോത്തുണ്ടിയിലെ ചെന്താമരയുടെ മനസ്സു പൊള്ളിച്ചത്. മൂന്നുപേരെ നിഷ്കരുണം കൊലപ്പെടുത്താനും രണ്ടുപേരെ വകവരുത്താനും കൂടി പദ്ധതിയിട്ടത് അതിപൈശാചികതയിലേക്കു കാടുകയറാൻമാത്രം അയാളുടെ മനസ്സ് കൊടുംക്രൂരതയുടെ പ്രക്ഷുബ്ധഭൂമിയായതുകൊണ്ടാവാം. ഈയിടെ കേരളം ചർച്ച ചെയ്ത ഷാരോണിന്റെ കൊലയിലേക്കു പ്രതിയായ ഗ്രീഷ്മയെ നയിച്ചതിന്റെ പല കാരണങ്ങളിലൊന്ന്, പ്രതിയുടെ ആദ്യഭർത്താവ് മരിക്കുമെന്ന പ്രവചനമാണ്.

അന്ധവിശ്വാസവും അനാചാരങ്ങളും പ്രചരിപ്പിച്ചു വൻതട്ടിപ്പു നടത്തി സാമ്പത്തികനേട്ടം കൊയ്യുന്നവർ ഉത്തരേന്ത്യൻ ഉൾനാടുകളിൽ മാത്രമല്ല, കേരളത്തിലും സർവസാധാരണമാണ്. ദുർമന്ത്രവാദികളെയും ആഭിചാരക്കാരെയും എതിർക്കാനോ അവരുമായി ശണ്ഠകൂടാനോ ആർക്കുമാവാത്തവിധം അവർ ദിനംപ്രതി ശക്തിപ്പെട്ടുവരികയാണ്. ഇന്ത്യയിലെ ബഹുഭൂരിപക്ഷം വി.ഐ.പിമാരെയും നിയന്ത്രിക്കുന്നതും നയിക്കുന്നതും ജ്യോത്സ്യന്മാരും പ്രവചനക്കാരുമാണെന്നു പറഞ്ഞാൽ ഞെട്ടിയിട്ടു കാര്യമില്ല. അതിൽ രാഷ്ട്രീയനേതാക്കൾ മാത്രമല്ല, സിവിൽ ഉദ്യോഗസ്ഥരും ന്യായാധിപപ്രമുഖരുമൊക്കെയുണ്ട്. അവരുടെ ഇന്നലെകളെയും ഇന്നുകളെയും നാളെകളെയും കുറിച്ചു തീർപ്പു കല്പിച്ചു പറയാൻമാത്രം പ്രബലരായി മാറിയിട്ടുണ്ട് ഇക്കൂട്ടർ. വിദ്യാഭ്യാസവും വിവരവുമുള്ളവർ ഇങ്ങനെയൊക്കെയാണെങ്കിൽ ഒരു സാധാരണക്കാരന്റെ കാര്യം പറയേണ്ടതില്ലല്ലോ.

അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും ശാപമോക്ഷം നേടുന്ന ഒരു മാനസികക്രമത്തിലേക്കു വളരാൻ നമ്മുടെ വിദ്യാഭ്യാസം കാരണമാകുന്നില്ലെങ്കിൽ പിന്നെ അത് എന്താണ്? അന്ധവിശ്വാസനിർമാർജനനിയമം മഹാരാഷ്ട്രയിലും കർണാടകയിലും ബീഹാറിലും അസമിലുമൊക്കെ പാസാക്കാൻ കഴിഞ്ഞിട്ടും പ്രബുദ്ധകേരളത്തിന് ഇതെന്തുപറ്റി? 2014 ൽ രമേശ് ചെന്നിത്തല ആഭ്യന്തരമന്ത്രിയായിരിക്കെ ഇത്തരമൊരു ബില്ല് കൊണ്ടുവരുമെന്നു പ്രഖ്യാപിച്ചെങ്കിലും ഫലം കണ്ടില്ല. ജസ്റ്റിസ് കെ.ടി. തോമസ് അധ്യക്ഷനായ നിയമപരിഷ്കരണ കമ്മീഷൻ 2019 ൽ തയ്യാറാക്കിയ ദുർമന്ത്രവാദ, ആഭിചാരക്രിയകൾ തടയൽ ബിൽ ഇന്നും ഏതോ ഫയലിൽ കുരുങ്ങിക്കിടക്കുകയാണ്.

വിശ്വാസവും അന്ധവിശ്വാസവും തമ്മിലുള്ള അതിർവരമ്പു നിശ്ചയിക്കാൻ എളുപ്പമല്ലെന്ന വാദമുന്നയിച്ച് നമ്മുടെ ഭരണാധികാരികൾ എത്രനാൾ കൈകഴുകിയിരിക്കും? നരബലിയടക്കമുള്ള ആഭിചാരക്രിയകൾക്ക് സാംസ്കാരികകേരളം സാക്ഷിയാകുമ്പോൾ സർക്കാർ മൗനം പാലിച്ചിരിക്കുന്നത് കൊടുംക്രൂരതയാണ്. മതത്തിന്റെയും ദൈവത്തിന്റെയുംപേരിൽ കൊലകളും അക്രമങ്ങളും അരങ്ങേറുന്നുണ്ടെങ്കിൽ അതും നിശിതമായി വിമർശനവിധേയമാവണം. യഥാർഥത്തിലുള്ള ആത്മീയത മനുഷ്യത്വത്തിലേക്കുള്ള വളർച്ചയാണ്. അതു പാപരഹിതവും പരിശുദ്ധവുമായ വിശ്വാസജീവിതമാണ്. അത് ആരെയെങ്കിലും തകർക്കാനോ തരംതാഴ്ത്താനോ തച്ചുടയ്ക്കാനോ അല്ല, മനുഷ്യജീവിതത്തെ പടുത്തുയർത്തുന്നതാണെന്ന് പറഞ്ഞുവിശ്വസിപ്പിക്കേണ്ടിയിരിക്കുന്നു! ■

# ദീപനാളം സാഹിത്യമത്സരം വിജയികൾ

പാലാ: പാലാ രൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ - കോളജ് കുട്ടികൾക്കായി നടത്തിയ സാഹിത്യരചനാമത്സരങ്ങളുടെ ഫലം പ്രഖ്യാപിച്ചു. ഉപന്യാസം, കഥ, കവിത, ചിത്രരചന എന്നീ വിഭാഗങ്ങളിലായി നടന്ന മത്സരത്തിൽ നൂറിലേറെ കുട്ടികൾ പങ്കെടുത്തു.

മത്സരവിജയികളുടെ പേരുവിവരം താഴെ ചേർക്കുന്നു: ഉപന്യാസരചന ഒന്നാം സ്ഥാനം: ജിൻസ് കാവാലി(യു.സി. കോളജ്, ആലുവ), രണ്ടാം സ്ഥാനം: അനുപ്രിയ ജോജോ (ദേവമാതാ കോളജ്, കുറവിലങ്ങാട്), മൂന്നാം സ്ഥാനം ലിനറ്റ് സി. ജോസഫ് (എസ്.എച്ച്. ജി. എച്ച്.എസ്. രാമപുരം).

കഥാരചന ഒന്നാം സ്ഥാനം: എയ്ഞ്ചലിൻ ഹന്ന ഷിനു(സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്. പ്രവിത്താനം, രണ്ടാം സ്ഥാനം: ലിജോ അഗസ്റ്റിൻ (സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ, പാലാ), മൂന്നാം സ്ഥാനം: അലോണ ആൽബി (ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ, ചെമ്മലമറ്റം).

കവിതാരചന ഒന്നാം സ്ഥാനം: അനുപ്രിയ ജോജോ (ദേവമാതാ കോളജ്, കുറവിലങ്ങാട്), രണ്ടാം സ്ഥാനം: അച്യുത് കെ.എസ്. (സെന്റ് തോമസ് കോളജ്, പാലാ), മൂന്നാം സ്ഥാനം: ശ്രീനന്ദനാ ഷാജി (സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്, പാലാ).

ചിത്രരചന ഒന്നാം സ്ഥാനം: ശ്രാവൺചന്ദ്രൻ ടി.ജെ. (മാർ ആഗസ്തീനോസ് കോളജ്, രാമപുരം), രണ്ടാം സ്ഥാനം: ഐശ്വര്യ എം. (സെന്റ് മേരീസ് ജി. എച്ച്.എസ്. കുറവിലങ്ങാട്), മൂന്നാം സ്ഥാനം: ആകാശ്മോൻ എം. (ഗവ. യു.പി. എസ്. കളത്തൂർ.)

ഓരോ വിഭാഗത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർക്ക് യഥാക്രമം 3001, 2001, 1001 രൂപാ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുമാണ് സമ്മാനം. ഫെബ്രുവരി 15 ന് പാലാ അൽഫോൻസാ കോളജിൽ നടക്കുന്ന പ്രതിഭാസംഗമത്തിൽ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അവാർഡുകൾ വിതരണം ചെയ്യും.

## ഉപന്യാസം


ജിൻസ് കാവാലി


അനുപ്രിയ ജോജോ


ലിനറ്റ് സി.ജോസഫ്

## കഥ


എയ്ഞ്ചൽ ഹന്ന ഷിനു


ലിജോ അഗസ്റ്റിൻ


അലോണ ആൽബി

## കവിത


അനുപ്രിയ ജോജോ


അച്യുത് കെ.എസ്.


ശ്രീനന്ദനാ ഷാജി

## ചിത്രരചന


ശ്രാവൺചന്ദ്രൻ ടി.ജെ.


ഐശ്വര്യ എം.


ആകാശ്മോൻ എം.

ബാലനോവൽ 14 അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

**രാ**വിന്റെ കനത്ത ഏകാന്തതയിൽ ആ മനുഷ്യന്റെ നിലവിളികൾ മലഞ്ചെരിവിലൂടെ ഒഴുകി അകലെ മാറ്റൊലിക്കൊണ്ടു. ഇത്രയുംനേരം ആ മലങ്കാട് നിശ്ശബ്ദതയുടെ മടിയിൽ നിദ്ര പൂകുകയായിരുന്നു. ആ നിലവിളികേട്ട് രാപ്പക്ഷികൾപോലും ചിലച്ചു. നേർത്ത ഇരുളിന്റെ മറപറ്റി വലിയ കമ്പികൊണ്ട് കല്ലുകൾ ഇളക്കാനുള്ള ശ്രമത്തിനിടയിലാണ് അമ്പേറ്റത്. അയാൾ അവിടെക്കിടന്ന് കുറേനേരം നിലവിളിച്ചു. പിന്നീട് പെട്ടെന്ന് എല്ലാ ശബ്ദങ്ങളും നിലച്ചു.

അമ്പേറ്റ ആ മനുഷ്യൻ പിടഞ്ഞു മരിച്ചിരിക്കുന്നു.

സോയൂസും മേഘനാദനും കാർഫിയൂസുമെല്ലാം ഒരു പാറക്കെട്ടിൽ പറ്റിച്ചേർന്നിരുന്നു. ഭടന്മാർ നിലത്തു പറ്റിക്കിടന്നു. ആരെങ്കിലും വരുന്നുണ്ടോയെന്നു സസൂക്ഷ്മം ശ്രദ്ധിച്ച് ശ്വാസം പിടിച്ചു കിടന്നു.

''മേഘനാദാ,'' സോയൂസ് പതിഞ്ഞ സ്വരത്തിൽ വിളിച്ചു.

മേഘനാദൻ കുറച്ചുകൂടി സോയൂസിനോടു ചേർന്നിരുന്നു.

''എന്തായാലും എനിക്കു സന്തോഷമായി. കാര്യസ്ഥന്റെ അമ്പ് കുറിക്കുകൊണ്ടിരിക്കുന്നു. ഒരുത്തന്റെ അവസാനത്തെ കല്ലുരുട്ടായിരുന്നു അത്.''

''ഇനി നമ്മളെന്തു ചെയ്യണം?'' മേഘനാദനോടു വീണ്ടും ചോദിച്ചു.

''നമ്മൾ പെട്ടെന്ന് അങ്ങോട്ടു ചെല്ലരുത്. മരിച്ചവന്റെ കൂടെയുള്ളവർ ഏതു സമയത്തും അവിടെയെത്താം. അവരുടെ മുമ്പിൽ നമ്മൾ ചെന്നുപെടരുത്. ശത്രുക്കളുടെ അംഗബലം നമുക്കറിയാൻ പറ്റില്ല.''

''ഇവിടെ പതിയിരുന്നാൽ മതി. ആ മനുഷ്യനെ കാണാതെ വരുമ്പോൾ മറ്റുള്ളവർ അന്വേഷിച്ചുവരും. അപ്പോൾ നമുക്ക് അവരെയും അമ്പിനിരയാക്കാം.''

''അതു നല്ല ആശയമാണല്ലോ. കാര്യസ്ഥന്റെ ബുദ്ധി അപാരംതന്നെ.'' സോയൂസിന് ആ നിർദേശം വളരെയധികം ഇഷ്ടമായി.

രാത്രിയുടെ യാമങ്ങൾ ഒന്നൊന്നായി കടന്നുപോയി. നിലാവും മരച്ചില്ലകൾക്കിടയിൽ മറഞ്ഞു.

ക്രമേണ രാപ്പക്ഷികളുടെ ചിലമ്പലും നിലച്ചു. കുന്നിൻചെരിവു വീണ്ടും കനത്ത നിശ്ശബ്ദതയിലേക്കു കൂപ്പുകുത്തി.

അടുത്ത നിമിഷം തെല്ലകലെനിന്ന് കരിയിലകൾ ഞെരിയുന്ന സ്വരം കേട്ട് കാർഫിയൂസും സംഘവും കാതോർത്തു ശ്രദ്ധാപൂർവം ഇരുന്നു.

വല്ല കാട്ടുമൃഗങ്ങളുമായിരിക്കുമോ? അതോ മരിച്ച മനുഷ്യനെ തിരക്കിയിറങ്ങിയതായിരിക്കുമോ?

അവർ കുറ്റിച്ചെടികൾക്കിടയിലൂടെ ആ രംഗം കണ്ടു. ആജാനുബാഹുവായ ഒരു ഭടൻ മരിച്ചുകിടന്ന ഭടനെ താങ്ങി തോളിൽക്കിടത്തി കുന്നിൻചെരുവിലൂടെ താഴേക്കിറങ്ങുന്നു.

പെട്ടെന്ന് മേഘനാദൻ ഒരു അമ്പെടുത്തു വലിച്ചുവിട്ടു.

അമ്മേ! ഒരലർച്ചയോടെ ജഡവുംകൊണ്ട് അയാൾ നിലത്തുവീണു. പിന്നെ എല്ലാ ശബ്ദങ്ങളും നിലച്ചു. അങ്ങനെ രണ്ടു ശത്രുക്കളെ നിഗ്രഹിച്ചിരിക്കുന്നു.

കാർഫിയൂസും സംഘവും ചലനമടക്കി നിശ്ചലരായി ഇരുന്നു. ഇനിയും ഭടന്മാർ അവിടെ എത്താൻ സാധ്യതയുണ്ട്.

കുറേക്കഴിഞ്ഞപ്പോൾ മേഘനാദൻ പറഞ്ഞു:

''ജീവനോടെ പിടിക്കണം. എന്നിട്ട് സമതലത്തിൽ കൊണ്ടുപോയി വിശദമായി ചോദ്യം ചെയ്യണം. എങ്കിൽമാത്രമേ അവർ ആരുടെ പടയാളികളാണെന്നും അവരുടെ തലവൻ ആരാണെന്നും അറിയാൻ കഴിയുകയുള്ളൂ. എന്നിട്ടുവേണം അതനുസരിച്ച് അവരെ നേടിടാൻ.''

''കാര്യസ്ഥാ, നിങ്ങൾ വെറും ബുദ്ധിമാനല്ല, ലോകം കണ്ട ഏറ്റവും വലിയ ബുദ്ധിരാക്ഷസനാണ്.''

സോയൂസിന് ഇതിനുമുമ്പെങ്ങും തോന്നാത്ത ആദരവും ബഹുമാനവും മേഘനാദനോടു തോന്നി. ആപത്തുനേരത്ത് മനഃധൈര്യം കൈവിടാതെ പിടിച്ചുനിൽക്കുന്ന ഒരസമാന്യൻ.

അവർ വീണ്ടും ശത്രുഭടന്മാരുടെ വരവും കാതോർത്ത് നിശ്ചലരായിരുന്നു.

മരച്ചില്ലകളുടെ തടവറയിൽനിന്നു ചന്ദ്രിക വീണ്ടും വിമോചിതയായി. നറുനിലാവിന്റെ പരിമളം എമ്പാടും ഒഴുകി.

''ഇനി ആരെങ്കിലും വന്നാൽ പിന്നിലൂടെ പതുങ്ങിച്ചെന്ന് വട്ടം പിടിക്കണം. ഒന്നിൽകൂടുതൽ പേരുണ്ടെങ്കിൽ ഭടന്മാർ എല്ലാവരുംകൂടി മുഴുവൻ ശത്രുക്കളെയും അമ്പെയ്തു വീഴ്ത്തും.''

മേഘനാദന്റെ അടുത്ത അടവ് പയറ്റാൻ ജാഗരൂകരായി അവർ ഇരുന്നു.

അങ്ങനെയിരിക്കേ, വീണ്ടും കരിയിലകൾ ഞെരിയുന്ന സ്വരം. ആരോ നടന്നടുക്കുന്നു.

ഒരു ഭടൻ ഇരയെ വട്ടം പിടിക്കാൻ തയ്യാറായി. എന്നാൽ, ആ കാഴ്ച കണ്ട് അവർ നടുങ്ങിപ്പോയി.

(തുടരും)



ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# അന്യഥാ, അന്യദാ

**അ**ന്യഥാ, അന്യദാ - വ്യത്യസ്തങ്ങളായ രണ്ടു വാക്കുകളാണ്. അന്യ + ഥാ = അന്യഥാ; അന്യ + ദാ = അന്യദാ. അന്യഥാ = മറ്റുതരത്തിൽ; മറ്റൊരുവിധം (otherwise, in a different manner) അന്യദാ = എന്നു പദാർഥം.

ഉദാഹരിക്കാം: നളചരിതം ഒന്നാം ദിവസം. പദം 16. ഭൈമിയുടെ വാക്കുകൾ: ''ഹന്ത! ഹംസമേ, ചിന്തയെന്തു തേ?/ എന്നുടെ ഹൃദയം അന്യനിലാമോ?/ അർണവും തന്നിലല്ലോ നിമ്നഗ ചേർന്നുഞായം/ അന്യഥാ വരുത്തുവാൻ കുന്നു മുതിർന്നീടുമോ?''*** (അർഥം: ''കഷ്ടം! ഹംസമേ, നിന്റെ ചിന്ത എന്താണ്? നീ എന്നെക്കുറിച്ച് എന്താണു വിചാരിച്ചിരിക്കുന്നത് - എന്റെ ഹൃദയം നളനിൽ അല്ലാതെ ആരിലെങ്കിലും ചേരുമോ? നദി സമുദ്രത്തിലാണല്ലോ സ്വാഭാവികമായി ചേരുക. മറ്റൊരുവിധത്തിൽ (അന്യഥാ) വരുത്തുവാൻ, നദിയുടെ ഉത്പത്തിസ്ഥാനമായ പർവതം ഒരുമ്പെടുമോ?) അന്യഥായ്ക്ക് മറ്റൊരു പ്രകാരത്തിൽ എന്ന അർഥമിരിക്കേ, മറ്റൊരിക്കൽ എന്നർഥമുള്ള അന്യദാ പ്രസ്തുത സന്ദർഭത്തിനു ചേരുകയില്ല എന്ന് എടുത്തുപറയേണ്ടതില്ലല്ലോ!

മറ്റൊരിക്കൽ; മറ്റൊരു സന്ദർഭത്തിൽ (at another time; on another occasion). അന്യഥാ, അന്യദാ എന്നിവയ്ക്കു സമാനമായി 'അന്യധാ' എന്നു ചിലർ ഉച്ചരിച്ചും എഴുതിയും വരുന്നു. ഏകധാ (ഒരു തരത്തിൽ), ദ്വേധാ (രണ്ടുപ്രകാരത്തിൽ), ബഹുധാ (പലതരത്തിൽ) എന്നിവയുടെ പ്രേരണയിലാകണം 'അന്യധാ' എന്നു പറഞ്ഞും എഴുതിയും പോകുന്നത്. 'അന്യധാ' എന്നൊരു വാക്ക് ആർഥികമായി പ്രയോഗത്തിലില്ല.*

അന്യഥാ, അന്യദാ എന്നീ പദങ്ങൾ സന്ദർഭം നോക്കിയേ പ്രയോഗിക്കാവൂ. ഥയും ദയും വർഗാക്ഷരങ്ങൾ ആണെങ്കിലും ഥകാരം ശ്വാസിയായ ദന്ത്യമഹാപ്രാണസ്പർശവും ദകാരം നാദിയായ സ്പർശാക്ഷരവുമെന്നതത്രേ അവ തമ്മിലുള്ള ഭേദം. അന്യഥാ, അന്യദാ എന്നീ പദജോടികളിൽ സമസ്ഥാനത്തു പ്രത്യക്ഷപ്പെടുന്ന ഥയുടെയും ദയുടെയും വൈജാത്യമാണ് ഇവിടെ അർഥവ്യത്യാസം സൃഷ്ടിക്കുന്നത്. ഇത്തരം പദജോടികൾക്ക് അല്പവ്യത്യയജോടി (minimal pair) എന്നു ഭാഷാശാസ്ത്രം വ്യവഹരിക്കുന്നു** സമസ്ഥാനത്തു പ്രത്യക്ഷപ്പെടുന്ന അക്ഷരങ്ങളുടെ വിതരണത്തെക്കുറിക്കുന്ന സാങ്കേതികസംജ്ഞയാണ് വ്യത്യയം(contrast). വ്യത്യാസം

അനുബന്ധം: എന്റെ ഹൃദയം നളനിലല്ലാതെ ആരിലെങ്കിലും ചേരുമോ? നദി സമുദ്രത്തിലല്ലേ ചേരൂ? ഇവിടെ വർണ്യവാക്യത്തിലും അവർണ്യവാക്യത്തിലും ഉള്ള 'തീർച്ചയായും ചേരും' എന്ന ഒരേ ധർമത്തെ 'അന്യനിലാമോ? ചേർന്നൂ ഞായം എന്നീ വ്യത്യസ്ത പദങ്ങൾക്കൊണ്ടു പറഞ്ഞിരിക്കുന്നതിനാൽ അലങ്കാരം പ്രതിവസ്തുപമ.

* കൃഷ്ണൻനായർ, കുളത്തൂർ, പ്രൊഫ., തെറ്റരുത് മലയാളം, മനോരമ ബുക്സ്, കോട്ടയം, 2023, പുറം - 48, 49.

** പ്രഭാകരവാര്യർ, കെ. എം., ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2002, പുറം - 73.

*** രാമചന്ദ്രൻനായർ, പന്മന, നളചരിതം ആട്ടക്കഥ, കൈരളീവ്യാഖ്യാനവും ആമുഖപഠനവും, കറന്റ് ബുക്സ്, കോട്ടയം, 2001, പുറം - 328.

കവിത സുരേന്ദ്രൻ ശ്രീമൂലനഗരം

# അമ്മയും മകനും

നറുതൂശനില വെട്ടിവാട്ടിയെടുത്തമ്മ
ഒരു പേപ്പറിൻമേലെടുത്തുവച്ച്
ഇരുകൈകളാലേ പൊതിഞ്ഞതിൽ ചോറിട്ട്
ഒരു വാക്ക്... 'കളയാതെ തിന്നണം നീ'
ഉരുവിട്ട് സഞ്ചിയതിൽ പുസ്തകംകൂടെ
ഒരു കുപ്പിവെള്ളവും കൂടെവച്ച്
അരുമക്കിടാവിനെ യാത്രയാക്കുന്നമ്മ
അരികത്തു ചെന്നിട്ടൊരുമ്മവച്ച്
മറയുംവരെയും പടിക്കൽ നിൽക്കുന്നമ്മ
തിരിയുന്നതുണ്ടേൽ കരങ്ങൾ വീശാൻ
അയവിറക്കേണം ഇതെല്ലാം വളരുമ്പോൾ
തളരുമ്പോളമ്മയ്ക്കു കാവലാകാൻ

# ഈ തലമുറയ്ക്കെന്തുപറ്റി?



ഡോ. തോമസ് മൂലയിൽ

തുലാവർഷം തകർത്തടിച്ചു പെയ്തുകൊണ്ടിരിക്കുന്നു. ഇടിയും മിന്നലും ഭീതിദമായ അന്തരീക്ഷം സൃഷ്ടിക്കുന്നു. ഉരുൾപൊട്ടി മലവെള്ളം ഇരമ്പിപ്പാഞ്ഞുവരുന്നു. നദീതീരത്തുള്ള വടവൃക്ഷത്തിൽ ഒരു സംഘം വാനരന്മാർ ചാടിമറിഞ്ഞു തിമിർത്താടുന്നു. അതിലൊരുത്തൻ നദിയിലേക്കു ചാഞ്ഞുകിടന്ന ചില്ലയിൽ തൂങ്ങി അഭ്യാസം കാണിക്കാൻ തുടങ്ങി. പക്ഷേ, അവന്റെ പിടിവിട്ട് നദിയിൽ പതിച്ചു. കുത്തൊഴുക്കിൽപ്പെട്ട അവൻ കൈയും കാലുമടിച്ച്, ഒഴുകിയൊഴുകി കാണാമറയത്തായി. കുരങ്ങന്മാരെല്ലാം പേരിച്ചരണ്ടു മരച്ചില്ലകളിൽ അള്ളിപ്പിടിച്ചിരിപ്പായി. കുറെനേരം ആ ഇരുപ്പിരുന്നു. വീണ്ടും തനിസ്വഭാവം പുറത്തെടുത്തു. മരച്ചില്ലകളിലൂടെ അഭ്യാസമാരംഭിച്ചു. ഒരുത്തൻ, മറ്റവൻ അഭ്യാസം കാണിച്ച ചില്ലയിൽ ചാടിമറിയാൻ തുടങ്ങി. പിടിവിട്ട് അവനും വെള്ളത്തിൽ...!

അവന്റെയും കഥ കഴിഞ്ഞു. വീണ്ടും മൗനം...! പിന്നെയും ചാടിമറിച്ചിൽ...! എന്തിന്? സംഘത്തിലെ രണ്ടെണ്ണമൊഴികെ എല്ലാം മലവെള്ളത്തിൽ ചാടിച്ചത്തു!

ഇന്നിപ്പോൾ, ഇതിന്റെ തനിയാവർത്തനമല്ലേ നമ്മൾ കാണുന്നത്? നമ്മുടെ കുട്ടികൾ ഓരോരോ 'വെള്ളപ്പാച്ചി'ലിലകപ്പെട്ടു ചാകുന്നു; അല്ലെങ്കിൽ, ചത്തതിനൊക്കുമേ ജീവിച്ചിരിക്കലും! മദ്യത്തിലും മയക്കുമരുന്നിലുമകപ്പെട്ടു നശിക്കുന്ന ഇളംതലമുറയുടെ സംഖ്യ ഭീതിദമാംവിധം വർധിച്ചുവരുന്നു. 'ഡ്രിങ്ക്സും' 'ഡ്രഗ്സും' ഭീകരന്മാരായ വില്ലന്മാരായി നമ്മുടെ കുഞ്ഞുങ്ങളെ വേട്ടയാടുന്നു. മദ്യപിച്ച്, പെറ്റ തള്ളയെ കുത്തിക്കൊല്ലുന്ന ചെറുപ്പക്കാരൻ! 9-ാം ക്ലാസുകാരനെ ബസിലുള്ള പ്ലസ്‌വൺകാരൻ കുത്തിപ്പരിക്കേല്പിക്കുന്നു. പ്ലസ്‌വൺവിദ്യാർഥി സഹപാഠിയെ കുത്തിക്കൊല്ലുന്നു! പതിന്നാലുകാരൻ പതിനാറു വയസ്സുകാരി സഹോദരിയെ ഗർഭിണിയാക്കുന്നു! പ്ലസ്ടുവിദ്യാർഥിനിയെ നാലുപേർ ചേർന്നു പീഡിപ്പിക്കുന്നു! മൊബൈൽ ഫോൺ പിടിച്ചുവച്ചതിനു പ്രിൻസിപ്പലിനെ കുത്തിമലർത്തുമെന്നു ഭീഷണിപ്പെടുത്തുന്നു. കേട്ടാൽ ഞെട്ടിത്തരിച്ചുപോകുന്ന സംഭവപരമ്പരകൾ! ഒന്നും ഒറ്റപ്പെട്ട സംഭവങ്ങളല്ല. ആണ്ടിലൊന്നോ മാസത്തിലൊന്നോ ആഴ്ചയിലൊന്നോ ഒന്നുമല്ല; അനുദിനം ഇത്തരത്തിലുള്ള വാർത്തകളേ കേൾക്കാനുള്ളൂ. ഇന്റലിജൻസ് റിപ്പോർട്ടനുസരിച്ച്, ലഹരിമാഫിയയിൽപ്പെട്ട സ്കൂളുകളുടെ എണ്ണം 1057 ആണ്! ഇത് ഔദ്യോഗികകണക്ക്. കണക്കിൽപ്പെടാത്ത എത്രയെത്ര കേസുകൾ!

ആരാണ് ഉത്തരവാദികൾ? കുട്ടികൾമാത്രമാണോ കുറ്റക്കാർ? പ്രതിപ്പട്ടികയിൽ ഒന്നാം സ്ഥാനത്തു നില്ക്കുന്നത് വീടാണ്. രണ്ടാം സ്ഥാനത്ത് 'വിദ്യാലയം.' മൂന്നാംസ്ഥാനത്ത് 'സമൂഹം.' മനഃശാസ്ത്രം ഇത് ആധികാരികമായി സ്ഥിരീകരിക്കുന്നു. സുപ്രസിദ്ധ മനഃശാസ്ത്രജ്ഞൻ പിയാഷേ പ്രയോഗിക്കുന്ന മൂന്നു സാങ്കേതികപദങ്ങളാണ്: 1. Nature 2. Nurture 3. Environment. ജന്മസിദ്ധമായി ലഭിക്കുന്ന സിദ്ധിയെയാണ് നേച്ചർകൊണ്ടുദ്ദേശിക്കുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, മാതാപിതാക്കളിൽനിന്നു ലഭിക്കുന്ന സിദ്ധിയാണിത്. വീട്ടിലും 'നേച്ചറി'നൊപ്പം 'നേർച്ചറും' 'എൺവയൺമെന്റും' ഉണ്ട്. ശൈശവാവസ്ഥയിൽ വീടാണു കുഞ്ഞിനെല്ലാം. ശാരീരിക, ബൗദ്ധിക, മാനസിക, വൈകാരികതലങ്ങളിലെല്ലാമുള്ള വികാസമാരംഭിക്കുന്നതു വീട്ടിലാണ്. അവിടെയുണ്ടാകുന്ന താളപ്പിഴ കുഞ്ഞിന്റെ ഭാവിജീവിതത്തെ മുഴുവൻ ബാധിക്കും. മാതാപിതാക്കളിലെ നന്മയും തിന്മയും ഒരുപോലെ, കുട്ടിയിൽ പ്രതിഫലിക്കും. പരിചരണവും പരിപാലനവും പരിലാളനവുമൊക്കെ കൊടുക്കുന്നതോടൊപ്പം പരിശീലനവും കുഞ്ഞിനു കൊടുക്കാൻ മാതാപിതാക്കളും കുടുംബാംഗങ്ങളെല്ലാവരും ശ്രദ്ധിച്ചെങ്കിൽ മാത്രമേ കുഞ്ഞിന്റെ വ്യക്തിത്വവികസനം ഭാസുരമാകുകയുള്ളൂ.



വീടുകഴിഞ്ഞാൽപ്പിന്നെ വിദ്യാലയമാണ് ഏറ്റവും പ്രധാനപ്പെട്ട പരിശീലനകേന്ദ്രം. വീട്ടിലെ പരിമിതമായ ചുറ്റുവട്ടത്തിൽനിന്നു വളരെ വിശാലമായ ഒരന്തരീക്ഷത്തിലേക്കാണു കുട്ടി പറിച്ചുനടപ്പെടുന്നത്. ശൈശവദശയിൽനിന്നു ബാല്യത്തിന്റെ ഒന്നാംഘട്ടത്തിലേക്കു പ്രവേശിക്കുകയാണു പ്രൈമറിതലത്തിലെത്തുന്ന കുട്ടി. പ്രൈമറിതലം പിന്നിട്ട് അപ്പർപ്രൈമറിയിലേക്കു കടക്കുന്ന കുട്ടി ബാല്യത്തിന്റെ രണ്ടാം ഘട്ടത്തിലേക്കു പ്രവേശിക്കുന്നു. തുടർന്ന്, കുട്ടി കൗമാരപ്രവേശകഘട്ടത്തിലേക്കു പ്രവേശിക്കുന്നു. സാധാരണഗതിയിൽ ഈ കാലഘട്ടംവരെ വലിയ കോളിളക്കമൊന്നും കുട്ടികളിലുണ്ടാകാറില്ല. പിന്നെ, വീട്ടിലെയും സ്കൂളിലെയും സാഹചര്യമനുസരിച്ചുള്ള ജയാപജയങ്ങൾ ഉണ്ടാകാം.

കൗമാരത്തെ രണ്ടു ഘട്ടങ്ങളായി മനഃശാസ്ത്രജ്ഞന്മാർ തിരിക്കാറുണ്ട്. ഒന്നാംഘട്ടത്തെ ഏർലി അഡോളസെൻസ് അല്ലെങ്കിൽ ഏർലി ടീനേജ് എന്നും, രണ്ടാംഘട്ടത്തെ ലേറ്റ് അഡോളസൻസ് അല്ലെങ്കിൽ ലേറ്റ് ടീനേജ് എന്നുമാണ് ആ വേർതിരിവ്. ഒന്നാം ഘട്ടത്തിൽ കുട്ടി പ്രത്യുത്പാദനശേഷിയിലേക്കു പ്രവേശിക്കുന്നു. ആൺകുട്ടിയിൽ നിദ്രാസ്ഖലനവും പെൺകുട്ടിയിൽ മെൻസ്ട്രുവേഷനും ആരംഭിക്കുന്നു. ഈ ഘട്ടത്തിൽ വൈകാരികവേലിയേറ്റം ശക്തമാകുന്നു. രണ്ടാം ഘട്ടമാകുമ്പോൾ അതിന്റെ ഉച്ചസ്ഥായിയിലെത്തുന്നു. ജീവിതപങ്കാളിയെ തേടുന്നതിനുള്ള ഉത്കടമായ ആഗ്രഹാഭിലാഷങ്ങളും ഭാവിജീവിതത്തെപ്പറ്റിയുള്ള ചിന്തകളുമെല്ലാംകൊണ്ടു കലുഷിതമായ ഒരവസ്ഥയിലാണു കൗമാരക്കാർ. ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും സംഘർഷാത്മകവും നിർണായകവുമായ ഒരു ഘട്ടമാണിത്. ക്രൈസിസ് പീരിയഡ് എന്നാണു മനഃശാസ്ത്രജ്ഞന്മാർ ഇതിനെ വിളിക്കുന്നത്. 'ക്രിനൈൻ' എന്ന ഗ്രീക്കുവാക്കിൽനിന്നാണ് ഈ പദം വരുന്നത്. 'ക്രിനൈൻ' എന്ന ക്രിയാരൂപത്തിന്റെ അർഥം നിർണായകമായ ഒരു തീരുമാനം എടുക്കുക എന്നാണ്. വിശ്വവിഖ്യാതമനഃശാസ്ത്രജ്ഞനായ എറിക് എച്ച്. എറിക്സൺ ഈ കാലഘട്ടത്തെ 'തകിടംമറിച്ചിലിന്റെ കാലം' എന്നാണു വിശേഷിപ്പിക്കുന്നത്. യൂത്ത് സൈക്കോളജിയുടെ പിതാവ് എന്നറിയപ്പെടുന്ന സ്റ്റാൻലി ഹാൾ ഈ ഘട്ടത്തെപ്പറ്റി പറയുന്നത്, 'സമ്മർദത്തിന്റെയും പിരിമുറുക്കത്തിന്റെയും കാലം' എന്നാണ്.

പ്രശ്നകലുഷിതമായ കൗമാരത്തിൽ താങ്ങും തണലുമായി നില്ക്കേണ്ട വീടും വിദ്യാലയവും കൃത്യനിർവഹണത്തിൽ ദയനീയമായി പരാജയപ്പെടുന്ന സ്ഥിതിവിശേഷമാണിന്നുള്ളത്. ജീവിതസാഹചര്യങ്ങൾ പൊതുവിൽ ഈ പരാജയങ്ങൾക്ക് ആക്കം കൂട്ടുന്നു. ഇടതുവലതു വ്യത്യാസമില്ലാതെ രാഷ്ട്രീയ സംവിധാനങ്ങൾ നിഷേധാത്മകമായ നിലപാടാണു സ്വീകരിക്കുന്നത്. വിദ്യാലയങ്ങൾ രാഷ്ട്രീയപ്പാർട്ടികളുടെ പണിപ്പുരകളായി മാറിയിരിക്കുന്നു. വിദ്യാലയങ്ങൾ വിദ്യാഭ്യാസകേന്ദ്രങ്ങളല്ല, രാഷ്ട്രീയാഭ്യാസകേന്ദ്രങ്ങളായി മാറിയിരിക്കുന്നു. പേന പിടിക്കേണ്ട കൈകളിൽ വടിയും വാളും വെട്ടുകത്തിയും കഠാരയുമൊക്കെയാണുള്ളത്. കലാമത്സരം കൈയാങ്കളിമത്സരമായി മാറുന്നു. വിദ്യാർഥികൾ തമ്മിൽ ഏറ്റുമുട്ടി പരസ്പരം തല്ലിച്ചതയ്ക്കുന്നു.

മദ്യ-മയക്കുമരുന്നു മാഫിയാകളുടെ പ്രവർത്തനകേന്ദ്രങ്ങളായി മാറുന്നു വിദ്യാലയങ്ങൾ. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും നിയന്ത്രണമവകാശപ്പെട്ട് അധികാരത്തിലേറുന്ന സർക്കാരുകൾ അവയുടെ ലഭ്യതയും വ്യാപനവും വർധിപ്പിക്കാനുള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നത് എന്നു തോന്നിപ്പോകുന്നു. റേറ്റിങ് വർധിപ്പിച്ച് പണം പിടുങ്ങാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന സാമൂഹികസമ്പർക്കമാധ്യമങ്ങൾ ഉയർത്തുന്ന ഭീഷണി വളരെ വലുതാണ്. ഡ്രിങ്ക്സും ഡ്രഗ്സും സെക്സും കൗമാരക്കാരെ അഡിക്റ്റ്സ് ആക്കി മാറ്റുന്നു! ഇവ വിദ്യാർഥികളെ ക്രിമിനലുകളും ഗുണ്ടകളുമാക്കി മാറ്റുന്നു. ഇവർക്കൊക്കെ പരിരക്ഷ നല്കുന്ന സംവിധാനമാണോ സർക്കാർ എന്നുപോലും തോന്നിപ്പോകുന്നു.

യുവതലമുറയ്ക്ക് അഭയവും ആശ്രയവുമാകേണ്ട വീടും വിദ്യാലയവും സമൂഹവും കൃത്യനിർവഹണത്തിൽ അമ്പേ പരാജയപ്പെടുന്ന ദയനീയമായ സ്ഥിതിവിശേഷമാണിന്നുള്ളത്. മാതാപിതാക്കളെയും പൊതുജനങ്ങളെയും ആദരിച്ചും ബഹുമാനിച്ചുമാണ് പണ്ട് കുട്ടികൾ വളർന്നിരുന്നതെങ്കിൽ, ഇന്നു കുട്ടികളെ ഭയന്നാണു മാതാപിതാക്കളും ഗുരുജനങ്ങളും ജീവിക്കുന്നത്. മക്കളുടെ ഇഷ്ടത്തിനു വിരുദ്ധമായി എന്തെങ്കിലും പറയാനോ പ്രവർത്തിക്കാനോ ധൈര്യപ്പെടാത്ത മാതാപിതാക്കളും ഗുരുജനങ്ങളുമാണിന്നുള്ളത്. ഒരു കാര്യം ഉറപ്പാണ്, പറയേണ്ട കാര്യങ്ങൾ പറയേണ്ട ആളുകൾ പറയേണ്ട സമയത്ത് പറയേണ്ടതുപോലെ പറയാതിരിക്കുകയും, ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യേണ്ടതുപോലെ ചെയ്യാതിരിക്കുകയും ചെയ്താൽ ആയിരം പേർ ആയിരം തവണ ആവർത്തിച്ചുപറഞ്ഞാലും ചെയ്താലും ഒരു പ്രയോജനവും ഉണ്ടാവില്ല. വെള്ളം ഒഴുകിപ്പോയിട്ടു ചിറകെട്ടിയിട്ട് എന്തു പ്രയോജനം?

മാതാപിതാക്കളുടെയും സർക്കാരിന്റെയും സമൂഹത്തിന്റെയും പരിഗണനയ്ക്കായി വിദ്യാർഥികളുടെ അടിപിടി തടയുന്നതിനിടയിൽ ചൂരൽ പ്രയോഗിച്ചതിന്റെ പേരിൽ രണ്ടുദിവസം പൊലീസ് സ്റ്റേഷനിൽ കഴിയേണ്ടിവരികയും 15,000 രൂപ നഷ്ടപരിഹാരം നല്കുകയും ചെയ്യേണ്ടിവന്ന ഹയർ സെക്കൻഡറി അധ്യാപകന്റെ ഒരു പോസ്റ്റ് ഇവിടെ ചേർക്കട്ടെ:

"ഇത്രയും വർഷങ്ങൾകൊണ്ടു നേടാനാവാത്ത തിരിച്ചറിവുകൾ രണ്ടുദിവസംകൊണ്ടു സമ്മാനിച്ച വിദ്യാർഥിസമൂഹത്തിനും രക്ഷിതാക്കൾക്കും രാഷ്ട്രീയനേതാക്കൾക്കും നന്ദി...! അധികാരങ്ങളും അവകാശങ്ങളുമില്ലാത്ത, ഉത്തരവാദിത്വങ്ങൾമാത്രം പേറേണ്ടിവരുന്ന കോമാളിവേഷമാണ് അധ്യാപകന്റേത് എന്ന തിരിച്ചറിവു നല്കിയ രണ്ടു ദിനങ്ങൾ..! കുട്ടികൾ തമ്മിൽത്തല്ലുന്നതു കണ്ടാലും വഴിതെറ്റി നടക്കുന്നതു കണ്ടാലും പഠിച്ചാലും പഠിച്ചില്ലെങ്കിലും കോപ്പിയടിച്ചാലും സ്കൂൾ തല്ലിപ്പൊളിച്ചാലും കഞ്ചാവു വലിച്ചാലും കരണംകുത്തി മറിഞ്ഞാലും കണ്ണും കാതുമടച്ച് ഒരു ഗൂഢസ്മിതത്തോടെ ശമ്പളം എണ്ണിനോക്കി വീട്ടിൽ പോയാൽ മതി പുതിയ യുഗത്തിലെ അധ്യാപകൻ എന്ന പുതിയ പാഠം പകർന്നുകിട്ടിയ രണ്ടു ദിനങ്ങൾ! സ്കൂളിലെ കുട്ടികളെ സ്വന്തം മക്കളെപ്പോലെ കരുതി അവരെ നേർവഴി നടത്താൻ ശ്രമിച്ച ഒരു പാവം പ്രിൻസിപ്പലിനെ കുരുതികൊടുത്ത കുട്ടികളേ, മാതാപിതാക്കളേ, ഞങ്ങൾ അധ്യാപകർക്കു തെറ്റുപറ്റി! നിങ്ങളെ സ്വന്തം മക്കളെപ്പോലെ കണ്ടതു തെറ്റ്. നിങ്ങളെ തിരുത്താൻ ശ്രമിച്ചത് അതിലേറെ തെറ്റ്! ആൺകുട്ടികളും പെൺകുട്ടികളും ക്ലാസിലിരുന്നു മദ്യപിച്ചതും തെറ്റായ സൗഹൃദങ്ങളിലേക്കു പോകുന്നതും ശരിയല്ലെന്നു ബോധ്യപ്പെടുത്താനും തിരുത്താനും നടപടിയെടുത്തത് ബാലാവകാശ-മനുഷ്യാവകാശലംഘനമാണെന്നു തിരിച്ചറിയാൻ ഞങ്ങൾ അധ്യാപകർക്കു കഴിഞ്ഞില്ല. മാപ്പ്. മക്കളേ മാപ്പ്!"

ഇതിൽ എല്ലാം അടങ്ങിയിട്ടുണ്ട്. ഒരു വിശകലനത്തിന്റെയോ വിശദീകരണത്തിന്റെയോ ആവശ്യമില്ല. ഉദ്ദേശ്യശുദ്ധിയും ആത്മാർഥതയും ഉത്തരവാദിത്വബോധവും ത്യാഗമനോഭാവവും കഠിനാധ്വാനവും എല്ലാം കൈമുതലായുള്ള യഥാർഥഗുരുഭൂതന്റെ ചങ്കിലെ ചോരയിൽ ചാലിച്ചെഴുതിയ ഈ വിലാപകാവ്യം ആരുടെയെങ്കിലും കണ്ണു തുറപ്പിച്ചിരുന്നെങ്കിൽ..! മക്കളും മാതാപിതാക്കളും രാഷ്ട്രീയക്കാരും ഭരണക്കാരും മദ്യമയക്കുമരുന്നു മാഫിയാത്തലവന്മാരും സോഷ്യൽ മീഡിയ പ്രവർത്തകരും ഈ ദീനരോദനം ഒന്നു കേട്ടിരുന്നെങ്കിൽ...! പേരുകേട്ട പൊലീസ് മേധാവി ഋഷിരാജ്സിങ്ങിന്റെ വാക്കുകളോടെ ലേഖനം അവസാനിപ്പിക്കുന്നു: "പഴയകാലത്തെപ്പോലെ കുട്ടികൾക്കുമേൽ ടീച്ചേഴ്സിനുള്ള അധികാരം പുനഃസ്ഥാപിച്ചുകൊടുക്കാൻ മാതാപിതാക്കൾ തയ്യാറുണ്ടോ? എങ്കിൽ, കുട്ടികളെ അവർ നേരേയാക്കിത്തരും!" ■




# ഉള്ളിലിഴയുന്ന പട്ടുനൂൽപ്പുഴു

Fiction is the lie through which we tell the truth.
- Albert Camus

‘സത്യമേറ്റു മരിക്കാതിരിക്കാനാണ് നമുക്കു കലയുള്ളത്’ എന്നെഴുതുന്നതു നീത്ഷേയാണ്. കല കാലത്തിന്റെ കഠിനയാതനകളെ കുറുകെക്കടക്കാൻ നമ്മെ സഹായിക്കുന്നു. ആൾക്കൂട്ടങ്ങളുടെ ആത്മരഹിതമായ ആരവങ്ങൾക്കപ്പുറം അതു ജീവിതത്തിന്റെ അർഥവും അനർഥവും നമുക്കു പറഞ്ഞുതരുന്നു. ഇങ്ങനെ മനുഷ്യജീവിതത്തിന്റെ അകവഴികളിലേക്കു സഞ്ചരിച്ചു മനസ്സിനെ ഖനനം ചെയ്ത് അദ്ഭുതങ്ങൾ സൃഷ്ടിക്കുന്നു എസ്. ഹരീഷിന്റെ പട്ടുനൂൽപ്പുഴു എന്ന നോവൽ.

സാംസ എന്നൊരു പതിമ്മൂന്നുകാരന്റെ മനോലോകത്തിലൂടെയാണ് നോവലിന്റെ വികാസം. സാംസ എന്ന ഈ പേര് ഫ്രാൻസ് കാഫ്കയുടെ വിഖ്യാതമായ മെറ്റമോർഫോസിസിലെ ഗ്രിഗർ സാംസ എന്ന കേന്ദ്രകഥാപാത്രത്തെ ഓർമിപ്പിക്കുന്നുണ്ട്. കാഫ്കയുടെ സാംസ ഒരു ദിനം പുലർച്ചെ ഒരു ഷഡ്പദമായി മാറുകയാണു ചെയ്തതെങ്കിൽ, ഹരീഷിന്റെ സാംസയ്ക്കാവട്ടെ ഒരു ദിവസം ഉറങ്ങിയെഴുന്നേറ്റപ്പോൾ പതിവില്ലാത്ത മട്ടിൽ പുലർച്ചെയുള്ള സ്വപ്നം താൻ മാത്രമല്ല, മറ്റൊരാൾകൂടി കണ്ടുകൊണ്ടിരുന്നതായി അനുഭവപ്പെടുന്നു. ഈ സ്വപ്നപങ്കാളിയാവട്ടെ ഏറെ വർഷങ്ങൾക്കുമുന്നേ മരിച്ചുപോയ നടാഷ എന്നൊരു പെൺകുട്ടിയും. ഇങ്ങനെ, നോവലിന്റെ ആരംഭംമുതൽതന്നെ ഭാവനയും യാഥാർഥ്യവും കൂടിച്ചേരുകയും എവിടെയോവച്ച് ഇവയ്ക്കിടയിലെ നേർത്ത അതിരുകൾ മാഞ്ഞുപോവുകയും ചെയ്യുന്നു. പതിമ്മൂന്നുകാരന്റെ മനോലോകത്തിലൂടെ സഞ്ചരിക്കുന്ന വായനക്കാർക്ക്; അവർ ഏതു പ്രായക്കാരും ആയിക്കൊള്ളട്ടെ, ഏതൊക്കെയോ ഇടങ്ങളിൽ തങ്ങളെത്തന്നെ കണ്ടുമുട്ടാനുമാകുന്നു.

സാംസ എന്ന കുട്ടിയിലൂടെയാണ് കഥ വികസിക്കുന്നതെങ്കിലും കഥയിലെ നായകൻ സാംസ അല്ല, ഏകാന്തതയാണ്. ദുരിതങ്ങളുടെ കൊക്കൂണിൽ ഏകാകികളാണ് പട്ടുനൂൽപ്പുഴുവിലെ കഥാപാത്രങ്ങളെല്ലാം.

ഈ ഏകാന്തത ചുറ്റുമുള്ളവർ അറിയാതിരിക്കാൻ അവർ ഓരോരോ വേഷങ്ങൾ അഭിനയിക്കുന്നു. ബാല്യം പിന്നിട്ടതോടെ മുതിർന്നവരായി അഭിനയിക്കേണ്ടിവന്ന ഈ മനുഷ്യർ ഒരേസമയം വായനക്കാരിൽ സ്നേഹവും സഹതാപവും ജനിപ്പിക്കും. അതേസമയംതന്നെ, സൂക്ഷ്മാംശങ്ങളിൽ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ഇതേ ഏകാന്തതയിൽത്തന്നെയാണല്ലോ തങ്ങളും ചുറ്റപ്പെട്ടിരിക്കുന്നതെന്ന് ഒരു ഞെട്ടലോടെ തിരിച്ചറിയുകയും ചെയ്യും.




ഫ്രാൻസ് കാഫ്കയോട് നിങ്ങൾ ആർനോൾഡ് ഷൈറ്റ്സറെപ്പോലെ ഏകാകിയാണോ എന്ന് ആരായുന്നുണ്ട് ഒരു വായനക്കാരൻ. എന്നാൽ, കാഫ്കയുടെ മറുപടി ‘അല്ല ഞാൻ കാഫ്കയെപ്പോലെ ഏകാകിയാണ്’ എന്നായിരുന്നു. ഒരാൾക്കു മറ്റൊരാളോടു വിനിമയം സാധ്യമാവാത്ത കഠിനമായ ഏകാന്തതയുടെ നിർവചനമുണ്ട് ഈ മറുപടിയിൽ. ഏകാന്തത ഉൾക്കൊള്ളുന്ന ഈ വ്യത്യസ്തത പട്ടുനൂൽപ്പുഴുവിലെ ഏകാകികളെയും വ്യത്യസ്തരാക്കുന്നു.

സാംസയുടെ അച്ഛൻ വിജയന്റെ ഏകാന്തത അയാൾക്കുമാത്രം തിരിച്ചറിയാവുന്ന ഒന്നാണ്. അമ്മ ആനിയുടെ ഏകാന്തലോകങ്ങളാവട്ടെ അവർക്കുമാത്രം മനസ്സിലാവുന്നതും.

ലൈബ്രേറിയനായിരുന്ന മാർക്ക് സാറിനും വർഷത്തിലൊരിക്കൽ മനോനില തെറ്റുകയും ഈന്തുമരത്തിൽ ചങ്ങലയാൽ ബന്ധിക്കപ്പെടുകയും ചെയ്യുന്ന സ്റ്റീഫനും സാംസയുടെ അരുമയായ നായക്കുട്ടി ഇലുവിനും കഷായത്തിൽ ചേർക്കുന്നതായി കൊല്ലാൻ കൊണ്ടുവന്നിരിക്കുന്ന ആട്ടിൻകുട്ടിക്കും എല്ലാം അവരുടേതുമാത്രമായ മനോലോകങ്ങളുണ്ട്.

ഈ മനോലോകങ്ങൾക്കൊക്കെയും ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ വായനക്കാരനുമായി ഒരു വൈകാരികബന്ധം സ്ഥാപിക്കാനാകുന്നു എന്നതാണ് ഈ നോവലിനെ സവിശേഷമാക്കുന്ന ഘടകം.

അനിശ്ചിതത്വങ്ങളുടെ ഘോഷയാത്രയാണ് ജീവിതം എന്ന് പട്ടുനൂൽപ്പുഴു ഓർമിപ്പിക്കുന്നുണ്ട്. വലിയ ഉയരങ്ങൾ സ്വപ്നം കണ്ടവർ പൊടുന്നനേ അത്യഗാധതയിലേക്കു പതിക്കുന്നു. സ്നേഹം വെറുപ്പായും വെറുപ്പു സ്നേഹമായും രൂപം മാറുന്നു. ഇരുൾ വെളിച്ചവും വെളിച്ചം ഇരുളും ആകുന്നു. എല്ലാ കാഴ്ചകളും സത്യമല്ലെന്നും യാഥാർമെന്നു നമ്മൾ ധരിക്കുന്നതൊക്കെ അങ്ങനെതന്നെ ആയിക്കൊള്ളണമെന്നില്ലെന്നും നോവൽ പറഞ്ഞുവയ്ക്കുന്നു.

എന്നാൽ, ഈ വേദനകളുടെയും ദുരിതങ്ങളുടെയും നടുവിലും അപമാനങ്ങൾക്കും വേർപാടുകൾക്കും ഇടയിലും വാനിലെ ഒറ്റനക്ഷത്രംപോലെ ജീവിതത്തെക്കുറിച്ചുള്ള പ്രത്യാശ നോവലിൽ തെളിയുന്നുമുണ്ട്. നടന്നിട്ടും നടന്നിട്ടും ജീവിതം പെരുവഴിയിൽ നിന്നുപോകുന്നെങ്കിലും പുഴുപോലെ ഉള്ളിലിഴയുന്നത് നിരാശ മാത്രമാണെങ്കിലും പൂമ്പാറ്റയെ സ്വപ്നംകണ്ട് പിന്നെയും പിന്നെയും മനുഷ്യർ നടന്നുകൊണ്ടേയിരിക്കുന്നു.

കഥാകാരിയായ പ്രിയ എ.എസ്. പട്ടുനൂൽപ്പുഴുവിനെക്കുറിച്ച് ഇപ്രകാരം എഴുതുന്നു: ‘ഒരു കുട്ടിയുടെ ഉള്ളിലേക്കു ലളിതമായി കടന്ന് അവനിലൂടെ മനുഷ്യമനസ്സിന്റെ അടരുകളിലെ കോംപ്ലക്സിറ്റിയുടെ ചിത്രസഞ്ചയം ജീവിതത്തിന്റെ ഭിത്തിയിൽ ഹരീഷ് കനമേതുമില്ലാതെ തൂക്കിയിടുമ്പോൾ ഓരോ ചിത്രത്തിലും സ്വന്തം മനസ്സിന്റെ ഒരു കഷണമെങ്കിലും കാണാം ഓരോരുത്തർക്കും.’ ഭാഷയുടെ അനാവശ്യമായ കെട്ടുപിണച്ചിലുകളോ അക്കാദമിക തത്ത്വചിന്തയുടെ ഭാരമോ ഒന്നുമില്ല പട്ടുനൂൽപ്പുഴുവിൽ.

അദ്ഭുതങ്ങൾ സൃഷ്ടിക്കാൻ അകലങ്ങളിലേക്കു പോകണമെന്നില്ല, അകത്തേക്കു സഞ്ചരിച്ചാലും മതി എന്നു പറയാതെ പറയുന്നു പട്ടുനൂൽപ്പുഴു. ഡി സി ബുക്സാണു പ്രസാധനം.

## കെ.സി.ബി.സി. ടീച്ചേഴ്സ് ഗിൽഡ് മത്സരം പാലാ കോർപറേറ്റിന് തിളക്കം

പാലാ: കെ.സി.ബി.സി. ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാനതലത്തിൽ നടത്തിയ രചനാമത്സരത്തിൽ പാലാ കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസി നാലു സമ്മാനങ്ങൾ കരസ്ഥമാക്കി. കഥാരചനയിൽ ജിജോ ജോസഫ് എൻ. (സെന്റ് മേരീസ് എച്ച്.എസ്.എസ്. കുറവിലങ്ങാട്), ജയിംസ് ചൂരനോലി (സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ്. രാമപുരം) എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി. അനുഭവക്കുറിപ്പുമത്സരത്തിൽ ഡോ. റോബിൻ മാത്യു (സെന്റ് ആഗ്നസ് എച്ച്.എസ്. മുട്ടുചിറ) ഒന്നാം സ്ഥാനവും, സി. ജോസ്‌ലിൻ എൽ. ജോസഫ് എസ്.എ.ബി.എസ്. (സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. വിളക്കുമാടം) രണ്ടാം സ്ഥാനവും നേടി.



ജിജോ ജോസഫ് എൻ. | ജയിംസ് ചൂരനോലി | ഡോ. റോബിൻ മാത്യു | സിസ്റ്റർ ജോസ്‌ലിൻ എൽ. ജോസഫ്

## കാര്യം സാധിക്കാൻ

നുറുങ്ങുകഥ
ഉണ്ണി വാരിയത്ത്

ഇഴഞ്ഞും മുട്ടുകുത്തിയുമൊക്കെയാണല്ലോ കുട്ടികൾ നിൽക്കാൻ പഠിക്കുക. അവനും അങ്ങനെതന്നെ. പക്ഷേ, ഇപ്പോൾ വളർന്നു വലുതായിട്ടും അവൻ സ്വന്തം കാലിൽ നിൽക്കാറില്ല. പകരം, മുട്ടുകുത്തുകയാണ്. മറ്റുള്ളവരുടെ കാലുകൾ പിടിക്കാനും തടവിക്കൊടുക്കാനും. അതിൽ അവന് അഭിമാനക്കുറവില്ലപോലും!

കഷ്ടം! അവനെപ്പോലെ അവസരവാദികൾ വേറെയും ഉണ്ടാകാം. കാര്യം സാധിക്കാൻ കഴുതക്കാലും പിടിക്കുന്നവർ!

നോവൽ 3

സൂസൻ പാലാത്ര

# കാറ്റിന്റെ മർമരങ്ങൾ

വല്യമ്മച്ചിക്ക് ഇരട്ടത്താപ്പുനയം. തന്നെക്കൊണ്ട് ദേഹം കുളിപ്പിക്കാൻ ചൂടുവെള്ളവും തലകഴുകാൻ കുളിരുമാറ്റിയ വെള്ളവും കുളിമുറിയിലെ കുട്ടകത്തിലും വലിയ ചെമ്പുകലങ്ങളിലും നിറപ്പിച്ചു. എല്ലാരേം ഒടുക്കത്തെ കുളി കുളിപ്പിക്കാനാണ്. ദേഹമാസകലം കുഴമ്പുതേപ്പിച്ച്, ഇടിച്ചുതിരുമ്മിച്ചു. എന്നിട്ടു പറഞ്ഞു: "ഞാൻ മാത്തൂട്ടിയെക്കൊണ്ട് നിനക്കു നല്ല പാവാടേം ബ്ലൗസും തയ്പിച്ചു തരാം, ഞാനിപ്പറഞ്ഞത് തൽക്കാലം ആരോടും പറേണ്ട. നെന്റെ അമ്മപോലും ഇപ്പം അറിയണ്ട".

ലിസി വലിയ കലത്തിൽ വെള്ളമൊഴിച്ച് അടുപ്പത്തുവച്ചു. അതായത്, ദിവാസ്വപ്നം കണ്ടു. നല്ല പാവാടത്തുണികളും ബ്ലൗസ് തുണികളും കണ്ടുവച്ചു. ബായ്ക്ക് ഓപ്പൺ ബ്ലൗസ് തയ്പിക്കാം. അതാകുമ്പോൾ ധൈര്യമായി കുനിഞ്ഞൊക്കെ നില്ക്കാം.

യാതൊരു വളർത്തുദോഷവും അമ്മയ്ക്കെതിരേ ഉണ്ടാകാൻ പാടില്ല. ശരീരം കാണിച്ച് അങ്ങനെ എക്സ്പോസായി നടക്കുന്നവരെ കാണുന്നതുതന്നെ ലിസ്സിക്കറപ്പാണ്. എന്തിനാണ് ഇവറ്റകൾ ഇങ്ങനെ വേഷം കെട്ടുന്നത്?

എന്നാൽ, മാത്തുക്കുട്ടിപ്പാപ്പന്റെ ഇംഗ്ലീഷുകാരിയായ ഭാര്യ ഡോറിനാന്റി സ്ലീവ്‌ലെസ് ബ്ലൗസ്സുകളും ഫ്രോക്കുകളും ഒക്കെ ഇട്ടു നടക്കാറുണ്ട്. അതവരുടെ സംസ്കാരത്തിന്റെയും നാടിന്റെയും രീതിയാണ്. അവരുടെ മുഖത്തു പെരുമാറ്റരീതികളിലുമാണ് എല്ലാവരും ശ്രദ്ധ പതിപ്പിക്കുക. ഒരു വൃത്തികേടും തോന്നില്ല. സ്ലിം ബ്യൂട്ടി. അവരുടെ കൈകാലുകളിലെ നഖങ്ങളും സില്ക്കുനൂലുകൾപോലെ മിനുസമാർന്ന മുടിയഴകും ആരും നോക്കിനിന്നു പോകും.

ഡോറിനാന്റിയുടെ തോളറ്റം വരെ ക്രോപ്പ് ചെയ്ത സ്വർണമുടിയും ലിപ്സ്റ്റിക്കിട്ടതുപോലെ തോന്നിക്കുന്ന ചെറിയ ചെഞ്ചുണ്ടുകളും കൈകാൽനഖങ്ങളിലെ നെയിൽപോളീഷും ഇറക്കം കുറഞ്ഞ ഫ്രോക്കും ഹൈഹീൽഡ് ചെരുപ്പുകളിട്ടുള്ള, ആർക്കും ഓമനത്തം തോന്നുന്ന നടത്തവും, എന്തിനേറെ വല്യപ്പച്ചനുപോലും ഇഷ്ടമാണ്. അവരുടെ ശരീരവടിവുകൾ എത്ര സൂക്ഷിച്ചു നോക്കിയാലും പുറത്തു കാണാനാവില്ല. അത്ര ഒതുക്കമാണ്.

ഗോതമ്പുനിറമുള്ള ഡോറിനാന്റിയെ ദൂരെനിന്നു കാണാൻ ലിസിയുടെ കൂട്ടുകാരികൾ എത്രതവണ വന്നിട്ടുണ്ടെന്നോ! അവൾ പലരോടും അഭിമാനപുരസ്സരം പറഞ്ഞിട്ടുണ്ട്, ദാ അതാ ഞങ്ങടെ മദാമ്മയാന്റി, മാത്തുക്കുട്ടിപ്പാപ്പന്റെ ഭാര്യയാ, ഇംഗ്ലീഷുകാരിയാ ഞങ്ങൾ പള്ളിയിലും കല്യാണത്തിനുമൊക്കെ ഇടുന്ന എല്ലാ നല്ല ഉടുപ്പുകളും ഡോറിനാന്റി തന്നതാ.

അതിനൊപ്പിച്ച് മോന്തിക്കുടിക്കാൻ നല്ലനേരം നോക്കേണ്ട ഗതികെട്ട പെണ്ണുങ്ങൾ ഇറക്കം കുറഞ്ഞ ഉടുപ്പുമിട്ട്, ഭംഗിയില്ലാത്ത തോളുകളും മാറിടവും പുറത്തുകാണിച്ചു നടക്കുമ്പോൾ അറപ്പേ തോന്നത്തൊള്ളൂ.

വല്യമ്മച്ചിയുടെ പുറം ലിസി ഇഞ്ചയിട്ട് നന്നായി തേച്ചുകൊടുത്തു. അതോടൊപ്പം പുതിയ ബ്ലൗസ്സും പാവാടയും ധരിച്ച് പള്ളിയിലും പിന്നെ പഠിക്കാനും പോകുന്നത് സ്വപ്നം കണ്ടു.

പക്ഷേ, വല്യമ്മച്ചി 'തനിക്കൊണം' കാണിച്ചു.

ഇറച്ചിയും മീനും ഉപ്പേരിയുമൊക്കെയുണ്ടാക്കിയ തേച്ചുവെളുപ്പിക്കാൻ പാടായ ഉരുളികളും ചീനച്ചട്ടികളും തുടങ്ങി അങ്ങനെ സർവപാത്രങ്ങളും അവൾക്കു തേച്ചുവെളുപ്പിക്കാൻ പെറുക്കിയിട്ടുകൊടുത്തു. മാത്തുക്കുട്ടിപ്പാപ്പനും ഡോറിനാന്റിയും കാണാതിരിക്കാൻ അവൾ അടുക്കളഭിത്തിയ്ക്കു മറഞ്ഞിരുന്ന് പാത്രങ്ങൾ തേച്ചുമിഴക്കി. അവരു കാണുന്നത് അവൾക്ക് മഹാകുറച്ചിലും നാണക്കേടുമാണ്. എന്നിട്ടും ഇടയ്ക്കുപോയി വല്യമ്മച്ചിയുടെയും വല്യപ്പച്ചന്റെയും തുപ്പൽകോളാമ്പികളുംകൂടി ചെന്നെടുത്ത്, തേച്ച് വെയിലത്തു വച്ചുണക്കാൻ നിർബന്ധിതയായി. അങ്ങനെ, വല്യപ്പച്ചൻ കിടക്കുന്ന തളത്തിലേക്കും, വല്യമ്മച്ചി കിടക്കുന്ന വാരത്തിലേക്കും തേച്ചുമിഴക്കി വെയിലത്തുണക്കിയെടുത്ത കോളാമ്പികൾ വയ്ക്കാൻ പോയപ്പോൾ വല്യമ്മച്ചി ലിസിയെ കാണിച്ചിട്ട് മാത്തുക്കുട്ടിയോടു പറഞ്ഞു: "എടാ മാത്തൂട്ടിയേ ദേ, ഇവക്കു നീ പുത്തൻ വല്ലോമൊരെണ്ണമെടുത്തു കൊടുക്കടാ കുഞ്ഞേ."

ലിസി ചമ്മിപ്പോയി. അവൾക്കതു വലിയ കുറച്ചിലായിത്തോന്നി.


മാത്തുക്കുട്ടിപ്പാപ്പൻ ചോദിച്ചു: "അതെന്താ പുത്തനെന്നു പറഞ്ഞെ... ങേ?"

ഒരു നിമിഷം ഒന്നു നിർത്തിയിട്ട് തുടർന്നു ചോദിച്ചു: "ഞാൻ പഴേതാ കൊടുക്കുന്നെന്നു പറഞ്ഞോ?"

"ങാ നീ നെന്റെ മകൾ കുക്കീടെ പഴേതാ കൊടുക്കുന്നെന്ന് മറിയക്കുട്ടിയോടു പറഞ്ഞെന്ന്, അതു മറിയക്കുട്ടി പറഞ്ഞറിഞ്ഞ ഡോറിൻ, ബേവിച്ചന്റെ പെമ്പിള്ളേർക്കു കൊണ്ടുവന്നതെല്ലാം ആർക്കെങ്കിലും കൊടുത്തോന്നു പറഞ്ഞ് മറിയക്കുട്ടിയെ ഏല്പിച്ചെന്ന്."

മാത്തൂട്ടിപ്പാപ്പന്റെ മുഖം രോഷംകൊണ്ടു ചുവന്നു. ഡോറിനു മലയാളം കേട്ടാൽ കാര്യങ്ങൾ പെട്ടെന്നു മനസ്സിലാകും. എന്നാൽ, മലയാളം സംസാരിക്കാനറിയില്ല.

ഡോറിനാന്റി ഇംഗ്ലീഷിലാണ് കൂടുതലും സംസാരിക്കുന്നത്. ഹിന്ദിയിലും മറാത്തിയിലും നന്നായി സംസാരിക്കാനറിയാം. കാരണം, അവർ നേരത്തേ ബോംബെയിലായിരുന്നു. അപ്പാപ്പനോടും മക്കളോടും മാറിമാറി പല ഭാഷകളിൽ അവർ സംസാരിക്കുന്നതു കേട്ട് അവൾ വിസ്മയംപൂണ്ടു നിന്നിട്ടുണ്ട്. ഇതു കണ്ടിട്ട് അപ്പന്റെ മറ്റൊരു സഹോദരനായ അച്ചോയി പറഞ്ഞിട്ടുണ്ട്: "വായടയ്ക്കെടീ ലിസിക്കുട്ടീ, വായി വല്ല ഈച്ചേം കേറും"



മാത്തൂട്ടിപ്പാപ്പൻ ഡോറിനോട് കാര്യങ്ങൾ ചോദിച്ചുമനസ്സിലാക്കി. മാത്തൂട്ടിപ്പാപ്പനും കുടുംബവും എന്നു നാട്ടിൽ വന്നാലും ഒരു ദിവസത്തെ ഊണും കാപ്പിയും ലിസിയുടെ വീട്ടിൽ പതിവാണ്. പിന്നെ സായാഹ്നങ്ങളിൽ അവർ താഴെ വീട്ടിൽവന്ന് അല്പനേരം നാട്ടുവിശേഷങ്ങൾ കേട്ടും പഴയകാലജീവിതചര്യകൾ പറഞ്ഞുമിരിക്കാറുണ്ട്.

അങ്ങനെ അവസരം വീണുകിട്ടുമ്പോൾ തങ്ങളുടെ നിരപരാധിത്വം അപ്പനെക്കൊണ്ടും അമ്മെക്കൊണ്ടും മാത്തുക്കുട്ടിയെ പറഞ്ഞുബോധിപ്പിക്കണം ലിസി തീരുമാനിച്ചുറച്ചു. കഷ്ടം തന്നെയാണ്, മറിയക്കുട്ടിക്കൊച്ചമ്മയുടെ ഈ സ്വഭാവം. തീരെ മോശം. മൊട്ടത്തലയും കുടുമ്മയുംകൂടി കൂട്ടിക്കെട്ടുക. എന്നിട്ട് കുഞ്ഞാടിനെയും ചെന്നായയെയുംകൂടി തമ്മിലിടിപ്പിച്ച് ഒഴുകിവീഴുന്ന ചോരനക്കി ആർത്തി തീർക്കുക. കൊച്ചമ്മയ്ക്കു പെൺമക്കളില്ല, എന്നാൽ, അവർക്കു പെൺകുട്ടികളുടെ ഫാഷൻ ഡ്രസ്സുകൾ കാണുമ്പോൾ വാരിക്കൂട്ടി മുഴുവനും സ്വന്തം സഹോദരങ്ങളുടെ മക്കൾക്കു നല്കണം. അതിനായിക്കണ്ട വക്രത നിറഞ്ഞ വഴിയാണിത്.

"നീയതൊന്നും നോക്കണ്ട, ഇതുങ്ങളെക്കൊണ്ടു ഞാൻ ഇടയ്ക്കൊക്കെ വല്ലോം ഒരു പിലാവില കമത്തിവയ്പിക്കുന്നതാ, ബേവീടെ പെമ്പിളയ്ക്കതത്ര രസിക്കുന്നില്ലേലും."

വല്യമ്മച്ചി ദീർഘമായി ഒന്നു നിശ്വസിച്ചിട്ട് തുടർന്നു: "എടാ കുഞ്ഞേ, നീയാ താറയ്ക്കൊന്നും കൊടുക്കണ്ട," സാറാച്ചേടത്തിയുടെ കാര്യമാണ്.

"അവളാ എന്നേം മക്കളേം തമ്മിലടിപ്പിക്കുന്നത്. കുന്നായ്മക്കാരി. അടുക്കളപ്പൊറം പൊകേന്നതവക്കു കാണാമ്മേല."

ഇച്ചാച്ചൻ പറഞ്ഞ് ലിസ്സി കേട്ടിട്ടുണ്ട്, അമ്മച്ചി പെറ്റിട്ടതേയുള്ളൂ, മക്കളെ വളർത്തിയതെല്ലാം സാറാച്ചേടത്തിയാണെന്ന്. കൂട്ടത്തിൽ ഏറ്റവും ലാളന മാത്തുക്കുട്ടിയോടായിരുന്നത്രേ! എന്നിട്ടാണ് താറായ്ക്ക് ഒന്നും കൊടുക്കണ്ടാന്നുള്ള കല്പന.

പക്ഷേ, മാത്തുക്കുട്ടിപ്പാപ്പൻ ആ പ്രാവശ്യം തങ്ങൾക്കായി കൊണ്ടുവന്നതൊന്നും തന്നില്ല, പ്രത്യേകിച്ച് വല്യമ്മച്ചി പറഞ്ഞ പുത്തനും. കുക്കിയുടെ പല പ്രകാരത്തിലുള്ള വിശേഷ വസ്ത്രങ്ങൾ നുണപടച്ചുണ്ടാക്കി, പാവങ്ങൾക്കു കൊടുക്കാനെന്ന വ്യാജേന തട്ടിപ്പറിച്ചെടുത്ത് മറിയക്കുട്ടി അവരുടെ സഹോദരങ്ങളുടെ മക്കൾക്ക് കൊടുത്തു.

ലിസിയോർത്തു: ഇന്നാട്ടിലെ പാവങ്ങൾ തങ്ങളെക്കഴിഞ്ഞ് ആരാ? വല്യകുടുംബത്തിലെ കുഞ്ഞുങ്ങൾ എന്ന പേരുവീണിരിക്കുന്നതിനാൽ ഒരുകൈ സഹായം ചെയ്യാൻ ആരുമില്ല.

കുക്കിയുടെ അത്രയും മനോഹരമായ വസ്ത്രങ്ങൾ മലയാളക്കരയിലാരുംതന്നെ ഇതിനുമുമ്പൊരിക്കലും കണ്ടിട്ടുകൂടി കാണില്ല. അത്ര ഒന്നാന്തരമാണ്. എന്നാൽ, ഈവേള അതെല്ലാം നഷ്ടപ്പെട്ടു.

മാത്തുക്കുട്ടിപ്പാപ്പന്റെ മനസ്സിൽ എന്തൊക്കെയോ കാർമേഘപാളികൾ തറവാട്ടുകാർ കടത്തിവിട്ടിട്ടുണ്ട്. അത് പെയ്തൊഴിപ്പിക്കാനൊന്നും തന്റെ അപ്പനുമമ്മയ്ക്കും അവസരം കിട്ടിയതുമില്ല. എപ്പോൾ മാത്തുക്കുട്ടിപ്പാപ്പൻ കയറിവന്നാലും എസ്കോർട്ടായി കുഞ്ഞവറാപ്പാപ്പൻ കൂടെ കാണും. അപ്പോൾ മാത്തുക്കുട്ടിയെ ഇരിക്കാനോ കാപ്പികുടിക്കാനോ അനുവദിക്കാതെ കുഞ്ഞവറാ എന്ന കൊച്ചുപ്പാപ്പൻ എളുപ്പം കൊണ്ടുപോകും. ഡോറിനോട് ഇത്തരം അരിക്കണക്കുകൾ ഒന്നും പറയാൻ അപ്പൻ അമ്മയ്ക്ക് അനുവാദം കൊടുത്തിട്ടുമില്ല. എന്നിരുന്നാലും ഡോറിനാന്റിക്ക് അമ്മയുണ്ടാക്കുന്ന പരിപ്പുവടയും പഴംപൊരിയും വെള്ളേപ്പവും കറികളുമൊക്കെ വലിയ ഇഷ്ടമാണ്. പണ്ടൊക്കെ വീട്ടിൽ വന്നാൽ ഓരോന്നിന്റെയും പാചകക്കുറിപ്പുകൂടി ചോദിച്ചുമനസ്സിലാക്കി നിറമനസ്സോടെ കഴിച്ച് 'താങ്ക്യു' പറഞ്ഞ് പോകാൻനേരം കെട്ടിപ്പിടിച്ച് ആലിംഗനം ചെയ്തായിരുന്നു മടങ്ങുന്നത്. അപ്പന്റെ മുറുക്കാൻ വാങ്ങി ഡോറിനാന്റി മുറുക്കി ചുണ്ടുകൾ ചുവപ്പിച്ചു കാണിക്കും.

മലേഷ്യനപ്പച്ചൻ വന്നാലും കുഞ്ഞവറാ എന്ന കൊച്ചുപ്പാപ്പൻ ഒപ്പം വന്ന് ഇളംതിണ്ണയിൽ നില്ക്കും, എത്ര സ്നേഹത്തോടെ ക്ഷണിച്ചാലും അകത്തുകയറില്ല. അപ്പന് തന്റെ സഹോദരങ്ങളോട് ഒന്നു സ്വതന്ത്രമായി സംസാരിക്കാൻ അവസരം അങ്ങനെ നിഷേധിക്കപ്പെടും.

ഇനി അവരുടെ ഭാര്യമാരോ മക്കളോ കൂടെയുണ്ടെങ്കിൽ അപ്പൻ പറയും; അവരെന്തിനാ ഈ ചീഞ്ഞ കുടുംബക്കാര്യങ്ങൾ അറിയുന്നത്, തിന്നുംകുടിച്ചും ആനന്ദിക്കാനും അവധി ആഘോഷിക്കാനുമാണ് അവരൊക്കെ നാട്ടിൽ വരുന്നത്. അതുകൊണ്ട് തീറ്റിയും കുടിപ്പിച്ചും ആനന്ദിപ്പിച്ചും അങ്ങുവിടും. യാതൊരു കമ്മ്യൂണിക്കേഷനും മാർഗമില്ലാതെ തെറ്റിദ്ധരിക്കപ്പെട്ടവളായി അമ്മ സഹനപുത്രിയാകും.

മാത്തുക്കുട്ടിപ്പാപ്പനെയും കുടുംബത്തെയും നിർബന്ധിച്ച് മറിയക്കുട്ടിക്കൊച്ചമ്മ തന്റെ പിതൃഗൃഹമായ കൊമ്പമ്മേട്ടിലേക്കു കൊണ്ടുപോയി. തന്ത്രങ്ങളെല്ലാം മെനയുന്നത് കൊച്ചമ്മ ഒറ്റയ്ക്കാണല്ലോ.

കഴിഞ്ഞതവണ മാത്തുപ്പാപ്പൻ തന്ന ഉടുപ്പുകൾ മാറിമാറി ധരിച്ച് നിഗളിച്ചുനടന്നപ്പോൾ കൊച്ചമ്മ തിരുവായ്മൊഴിഞ്ഞു പറഞ്ഞതെന്തെന്നാൽ, "എന്റെ പെണ്ണുങ്ങളേ, നിങ്ങക്കു പറയാമ്മേലെ ഞങ്ങക്കീപ്പഴേതൊന്നും വേണ്ടെന്ന്."

"നല്ല ഉടുപ്പുകളാ ഞങ്ങക്കൊത്തിരി ഇഷ്ടമാ."

അവർ പെണ്ണുങ്ങൾ എന്നു വിളിക്കുന്ന തങ്ങൾ മൂന്നു പെമ്പിള്ളേരും, താനും മേഴ്സിയും സുമയും, ചേർന്ന് ഐക്യത്തോടെ പറഞ്ഞതാണ്.

ശേഷം 14-ാം പേജിൽ



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# ഡൽഹി തിരഞ്ഞെടുപ്പ് നല്കുന്ന പാഠങ്ങൾ

നേർമൊഴി

വലുപ്പംകൊണ്ട് ഡൽഹി ചെറുതാണെങ്കിലും രാജ്യതലസ്ഥാനമെന്ന നിലയിൽ ഡൽഹി പ്രധാനപ്പെട്ടതാണത്രേ. 70 നിയോജകമണ്ഡലങ്ങൾമാത്രമുള്ള ഡൽഹിയിൽ ഒരു വ്യാഴവട്ടക്കാലമായി ആം ആദ്മി പാർട്ടി മൃഗീയഭൂരിപക്ഷത്തോടെ ഭരിച്ചുകൊണ്ടിരിക്കുകയായിരുന്നു. 15 വർഷം തുടർച്ചയായി ഭരിച്ച കോൺഗ്രസ് മുഖ്യമന്ത്രി ഷീലാ ദീക്ഷിത്തിനെ തറപറ്റിച്ചുകൊണ്ടാണ് അരവിന്ദ് കേജരിവാളിന്റെ നേതൃത്വത്തിൽ സർക്കാർ നിലവിൽവന്നത്. ആ സർക്കാരിനെയാണ് 2025 ഫെബ്രുവരി ആറിനു നടന്ന തിരഞ്ഞെടുപ്പിൽ ബിജെപി അട്ടിമറിച്ചത്. 27 വർഷത്തിനുശേഷമാണ് ബിജെപി അധികാരത്തിൽ തിരിച്ചെത്തിയത്. 2020 ൽ 70 ൽ 62 സീറ്റുപിടിച്ച ആം ആദ്മി പാർട്ടി അഞ്ചു വർഷം പിന്നിട്ടപ്പോൾ 22 സീറ്റിലേക്ക് ഒതുങ്ങി. കോൺഗ്രസിനു കഴിഞ്ഞ മൂന്ന് അസംബ്ലിതിരഞ്ഞെടുപ്പിലും വട്ടപ്പൂജ്യം തന്നെ.



ഡൽഹിയിലെ വിജയം ബിജെപിക്ക് വലിയ ആശ്വാസവും ആത്മവിശ്വാസവും പകരും. എല്ലാ സംസ്ഥാനങ്ങളിലും ആധിപത്യം സ്ഥാപിക്കാൻ സാധിച്ചിട്ടും, പാർലമെന്റുതിരഞ്ഞെടുപ്പിൽ ഏഴിൽ ഏഴു സീറ്റും നേടിയിട്ടും ഡൽഹിനിയമസഭയിൽ ആധിപത്യം പുലർത്താനാവാതെ ബിജെപി കിതയ്ക്കുകയായിരുന്നു. ശക്തനായ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൂക്കിനു താഴെ കേജരിവാൾ എന്ന ജനകീയമുഖ്യമന്ത്രി വെല്ലുവിളികളുയർത്തി വിലസുകയായിരുന്നു. കേജരിവാൾയുഗം അവസാനിപ്പിക്കുന്നതിനുവേണ്ടി ഇത്തവണ എൻഡിഎ സഖ്യം എല്ലാ അടവുകളും പയറ്റി. അതിൽ അവർ വിജയിക്കുകയും ചെയ്തു. തോറ്റുകഴിഞ്ഞപ്പോൾ ചില മണ്ഡലങ്ങളിൽ ബിജെപി നൂറുകണക്കിനു വോട്ടുകൾ അധികം ചേർത്തതിന്റെയും ചില മണ്ഡലങ്ങളിൽ വലിയ തോതിൽ വോട്ടുകൾ വെട്ടിമാറ്റിയതിന്റെയും കണക്കുകളുമായി ആം ആദ്മി പാർട്ടി രംഗത്തുവന്നു. തിരഞ്ഞെടുപ്പു കമ്മീഷനെ സംശയത്തിന്റെ നിഴലിൽ നിറുത്തുന്ന തരത്തിലുള്ള ആരോപണമാണ് അവർ ഉയർത്തിയത്. ഭരണത്തിലിരുന്നിട്ടും ആം ആദ്മി പാർട്ടിക്ക് എന്തുകൊണ്ട് ഇത്തരം ക്രമക്കേടുകൾ നിയന്ത്രിച്ചുകൂടായിരുന്നു എന്ന ചോദ്യം ബാക്കിനില്ക്കുന്നു.

ഡൽഹിയിലെ തോൽവി ആം ആദ്മി പാർട്ടിക്കു താങ്ങാവുന്നതിലധികമാണ്. ഭരണം നഷ്ടപ്പെട്ടു എന്നതുമാത്രമല്ല, കേജരിവാൾ ഉൾപ്പെടെ പാർട്ടിനേതാക്കന്മാരെല്ലാം തോറ്റുവെന്നതും പാർട്ടിക്കു വലിയ ആഘാതമായി. മദ്യനയക്കേസിൽ പാർട്ടിയധ്യക്ഷനും മുഖ്യമന്ത്രിയുമായ അരവിന്ദ് കേജരിവാളും ഉപമുഖ്യമന്ത്രി സിസോദിയയുമുൾപ്പെടെ മൂന്നു മന്ത്രിമാർ ജയിലിലായതോടെ നേതാക്കന്മാരുടെ മാത്രമല്ല, പാർട്ടിയുടെ തന്നെ പ്രതിച്ഛായ തകർന്നടിഞ്ഞു. അഴിമതിക്കെതിരേ രൂപംകൊണ്ട പ്രസ്ഥാനമാണ് ജനങ്ങളുടെ പാർട്ടി എന്നറിയപ്പെടുന്ന ആം ആദ്മി പാർട്ടി. 2012 നവംബറിൽ നിലവിൽ വന്ന പാർട്ടിക്കു വലിയ സ്വീകാര്യതയാണു ലഭിച്ചത്. പാർട്ടിയുടെ സ്വാധീനം അയൽസംസ്ഥാനങ്ങളിലേക്കു വളരുകയും പഞ്ചാബിൽ ഭരണം പിടിക്കുകയും ചെയ്തു.

യഥാർഥത്തിൽ ആം ആദ്മി പാർട്ടിക്കു ശക്തമായ ഒരു രാഷ്ട്രീയാടിത്തറയില്ല. ജനാധിപത്യസ്വഭാവമുള്ള ഒരു പ്രൊഫഷണൽ എൻ.ജി.ഒ. പോലെയാണ് ആരംഭത്തിൽ പാർട്ടി പ്രവർത്തിച്ചത്. എന്നാൽ, കാലാന്തരത്തിൽ ജനാധിപത്യത്തിന്റെ അടിസ്ഥാനഘടകങ്ങളായി കരുതപ്പെടുന്ന സമത്വവും സ്വാതന്ത്ര്യവും സഹകരണമനോഭാവവും പാർട്ടിയിൽനിന്ന് അപ്രത്യക്ഷമായി. പാർട്ടിയധ്യക്ഷൻ ഏകാധിപതിയെപ്പോലെ പെരുമാറിത്തുടങ്ങിയതിന്റെ ഫലമായി പാർട്ടിരൂപീകരണത്തിനു നേതൃത്വം വഹിച്ച പ്രശാന്ത് ഭൂഷൺ, യോഗേന്ദ്രയാദവ്പോലുള്ള നേതാക്കൾ പുറത്തായി. കേൾക്കാനും ഉൾപ്പെടുത്താനുമുള്ള പാർട്ടിയധ്യക്ഷന്റെ അസഹിഷ്ണുത പാർട്ടിയെ ദുർബലപ്പെടുത്തി എന്നുള്ള ആക്ഷേപമാണ് പരാജയത്തിനു കാരണമായി ഇപ്പോൾ വിലയിരുത്തുന്നത്.

കോൺഗ്രസാണ് കേജരിവാളിന്റെ തോൽവിക്കു കാരണമെന്ന വാദം ശരിയാകണമെന്നില്ല. ഏകദേശം പതിന്നാലോളം മണ്ഡലങ്ങളിൽ ബിജെപി സ്ഥാനാർഥികളുടെ ഭൂരിപക്ഷത്തേക്കാൾ കൂടുതൽ വോട്ട് കോൺഗ്രസ് സ്ഥാനാർഥിക്കു ലഭിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ് തോൽവിയുടെ ഉത്തരവാദിത്വം കോൺഗ്രസിന്റെ തലയിൽ കെട്ടിവയ്ക്കാൻ ശ്രമിക്കുന്നത്. ആരോപണത്തിൽ പറയുന്ന വോട്ടുകണക്കു ശരിയാണ്. എന്നാൽ, ആ വോട്ടു മുഴുവൻ കോൺഗ്രസ് മത്സരിച്ചില്ലായിരുന്നെങ്കിൽ ആം ആദ്മി പാർട്ടി സ്ഥാനാർഥിക്കു ലഭിക്കുമായിരുന്നുവെന്നു കരുതാനാവുകയില്ല. രാഷ്ട്രീയത്തിൽ രണ്ടും രണ്ടും നാല് അല്ല എന്ന സത്യം മറക്കരുത്. ഈ തിരഞ്ഞെടുപ്പിൽ കോൺഗ്രസിനു രണ്ടു ശതമാനത്തിലധികം വോട്ട് അധികം നേടാൻ കഴിഞ്ഞതിനെ നേട്ടമായി കരുതാനാവില്ല. അവർക്കുണ്ടായ രാഷ്ട്രീയനേട്ടം ആം ആദ്മി പാർട്ടിയുടെ അടിത്തറ ഇളക്കാൻ കഴിഞ്ഞുവെന്നതാണ്. കോൺഗ്രസിനെ തകർക്കുന്നതിൽ ബിജെപിയെക്കാൾ പങ്കുവഹിച്ചത് കേജരിവാളും കൂട്ടരുമാണ്. കോൺഗ്രസ് അഴിമതിപ്പാർട്ടിയാണെന്നു ജനങ്ങളെ ബോധ്യപ്പെടുത്താൻ ചൂല് ചിഹ്നമായി സ്വീകരിച്ച ആം ആദ്മി പാർട്ടിക്കു സാധിച്ചു. കോൺഗ്രസിന്റെ ഉയിർത്തെഴുന്നേല്പിന് കേജരിവാളിന്റെ പതനം അനിവാര്യമാണെന്നു ചിന്തിക്കുന്നവരും കുറവല്ല. ഇന്ത്യാസഖ്യത്തിന്റെ ഘടകകക്ഷി എന്ന നിലയിൽ കോൺഗ്രസിന് നാലോ അഞ്ചോ സീറ്റ് ഡൽഹിയിൽ നൽകിയിരുന്നെങ്കിൽ കോൺഗ്രസ് കേജരിവാളിനെതിരേ പൊരുതുമായിരുന്നില്ല. ഒരുമിച്ചുനിന്നാലും തിരഞ്ഞെടുപ്പുഫലത്തിൽ മാറ്റമുണ്ടാകുമായിരുന്നില്ല. കാരണം, അത്ര കരുതലോടെ പഴുതുകളടച്ചാണ് ബിജെപി യുദ്ധം നയിച്ചത്. 200 ലധികം എം.പി.മാരും ആർ.എസ്.എസിന്റെ വലിയ സ്ക്വാഡ് വർക്കും വിജയത്തിനു ഹേതുവായി. തിരഞ്ഞെടുപ്പുവിജയം ഉറപ്പാക്കാൻ ബിജെപിയോളം തന്ത്രങ്ങൾ ആരുടെ പക്കലുമില്ലെന്നു സമീപകാലതിരഞ്ഞെടുപ്പുകൾ തെളിയിച്ചിട്ടുണ്ട്.

ഡൽഹി തിരഞ്ഞെടുപ്പ് പ്രത്യയശാസ്ത്രങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലായിരുന്നില്ല, വാഗ്ദാനങ്ങൾ തമ്മിലുള്ള മത്സരമായിരുന്നു. സൗജന്യങ്ങളിലൂടെ ക്ഷേമസമൂഹം കെട്ടിപ്പടുക്കാനുള്ള ശ്രമമാണു ബിജെപിയും ആം ആദ്മി പാർട്ടിയും കോൺഗ്രസും നടത്തിയത്. ഈ തന്ത്രം പ്രയോഗിച്ചാണ് ആം ആദ്മി രണ്ടു തവണയും ഭരിച്ചതെങ്കിലും ഇത്തവണ അവരെക്കാൾ ജനം വിശ്വാസത്തിലെടുത്തത് ബിജെപിയെയാണ്. ജനത്തിന്റെ തീരുമാനം ശരിയായിരുന്നുവെന്നു ബിജെപി സർക്കാർ തെളിയിച്ചാൽ ഡൽഹിയുടെ മുഖം പാടേ മാറും. ◻

# കാറ്റിന്റെ മർമരങ്ങൾ

*11-ാംപേജ് തുടർച്ച*

എന്നിട്ടും, അവർ വാക്കുവളർത്തി, വളച്ചു സംസാരിച്ച് അമ്മയെക്കൊണ്ടു പറയിച്ചു:

“പഴേതു മതി മറിയക്കുട്ടീ, പഴേതിനുതന്നെ ഇവർക്കെന്നാ യോഗ്യത, അവരുടെ നല്ല മനസ്സിന് നിധിപോലെ സൂക്ഷിച്ച് ഇവർക്കുകൊണ്ടെ കൊടുക്കുന്നത് എത്ര വെല്യ കാര്യമാ.”

അങ്ങനെ തങ്ങൾക്കുള്ള വസ്ത്രപ്രവാഹം കൊച്ചമ്മ തടഞ്ഞുനിർത്തി. അല്ലെങ്കിൽ ലിസിക്കും സഹോദരിമാർക്കും വിലപ്പെട്ട വിശേഷവസ്ത്രങ്ങൾ മാറി മാറി ധരിച്ച് ചിത്രശലഭങ്ങളെപ്പോലെ പാറിപ്പറക്കാമായിരുന്നു.

പത്തമ്പലത്ത് ആദ്യം ഷെർട്ട് ബ്ലൗസിട്ടതു ലിസിയും മേഴ്സിയുമാണെന്ന് കിഴക്കേവാലേലെ ലില്ലിക്കുട്ടി ഇന്നാളു കണ്ടപ്പം കൂടി പറഞ്ഞു. അതൊക്കെ കുക്കിയുടെ ഉടുപ്പുകളായിരുന്നു. ഷെർട്ട് ബ്ലൗസുകളും ഇറക്കം കുറഞ്ഞ അംബ്രല്ലാസ്കേർട്ടുകളും. ചില സ്കേർട്ടുകൾക്ക് വളരെ വീതിയുള്ള ഒന്നോ രണ്ടോ ഞൊറികൾ മാത്രം, ചിലതിന് തുരുതുരാ അടുപ്പിച്ചടുപ്പിച്ചുള്ള ഞൊറികൾ. ഇസ്തിരിപ്പെട്ടികൊണ്ട് തേയ്ക്കണ്ട ആവശ്യമേയില്ല. എന്നും തേച്ചതുപോലെ ഞൊറി ഞൊറിയായി കിടക്കും. ചില സ്കേർട്ടുകൾ ഒരു ടവ്വൽപോലെ തോന്നിക്കും. കൂട്ടിക്കുത്താൻ ഹുക്കുകളും പിന്നുകളും ചേർത്ത് തയ്ച്ചിട്ടുള്ളത്. പിന്നെ തങ്ങൾ ഉടുക്കാക്കുണ്ടൻ ഉടുപ്പ് എന്നു പരിഹസിച്ചു പറയുന്ന ഒറ്റഞൊറിപോലുമില്ലാത്ത മദാമ്മ ഫ്രോക്കുകൾ. അതുടുത്താൽ തുണിയുടുത്തിട്ടുണ്ടെന്ന സ്വയംതോന്നൽ കിട്ടാത്തതിനാലാണ് അത്തരം പേര് മേഴ്സി ആ ഉടുപ്പുകൾക്കു നല്കിയത്. അത് പള്ളിയിൽ മാത്രമിടാൻ തരുന്നതാണ്. പക്ഷേ, അക്കാലങ്ങളിൽ നാട്ടിൽ ആ ഉടുപ്പുകൾ മറ്റാർക്കുമില്ലാത്തതിനാലും ഫ്രോക്കിന്റെ പ്രായം തങ്ങൾക്കു കഴിഞ്ഞുപോയി എന്ന തോന്നലിനാലും മേഴ്സിയും ലിസിയും ആ മദാമ്മഫ്രോക്കുകൾ വീട്ടിൽമാത്രം ധരിച്ചു. പിന്നീട് അത്തരം ഡ്രസ്സുകൾ നാട്ടിൽ ചില പ്രവാസികളൊക്കെ കൊണ്ടെക്കൊടുത്ത് പലരും ഇളകിക്കളിച്ച് ധരിച്ചുനടക്കുന്നതു കണ്ടപ്പോൾ തങ്ങൾക്ക് അന്നു ഷൈൻ ചെയ്യാനാകാത്തതിൽ ഖേദം തോന്നി.

സൺഡേസ്കൂളിൽ ചെല്ലുമ്പോൾ കുട്ടികൾ ഓടിവന്ന് ഫാഷൻ ശ്രദ്ധിക്കും. അവിടെ തങ്ങളെ കൂടാതെ ഫാഷനിൽ വരുന്നത് ബോംബെബന്ധങ്ങളുള്ള കൊച്ചുപുരയ്ക്കലെ സിബിയും ബിസിയുമാണ്. സിബി ഇട്ട ഒരുടുപ്പു കണ്ടാൽ പപ്പു പറിച്ചെടുത്ത കോഴിയെപ്പോലിരിയ്ക്കും.

സൺഡേസ്കൂളിനെപ്പറ്റി ചിന്തിക്കുമ്പോൾ ഓർമ വരുന്നത് മാത്തൂട്ടിപ്പാപ്പൻ വന്നതിനു മുമ്പത്തെ തങ്ങളുടെ അവസ്ഥയാണ്. താനും മേഴ്സിയും പള്ളിവരാന്തയുടെ അരപ്ലേസിലിരുന്ന് മറ്റു പെൺകുട്ടികൾ കളിക്കുന്ന കുടുകുടുകളി ആസ്വദിക്കുകയാണ്. പെൺകുട്ടികളുടെ സെറ്റ് പള്ളിയുടെ തെക്കുഭാഗത്ത് കുടുകുടു എന്നു പറഞ്ഞും, വടക്കുഭാഗത്ത് ആൺകുട്ടികൾ കബഡി കബഡി എന്നും പറഞ്ഞുകൊണ്ടാണ് കളിക്കുന്നത്.

കൂട്ടുകാർവന്ന് അവർക്കൊപ്പം കൂടി കളിക്കാൻ നിർബന്ധിച്ചപ്പോൾ മേഴ്സിച്ചേച്ചി അവർക്കൊപ്പം കൂടിക്കളിച്ചു. താൻ പോയില്ല. നല്ല ആരോഗ്യമുള്ള കുട്ടികൾ എല്ലാംകൂടി വന്നു കെട്ടിപ്പിടിക്കുമ്പോൾ തനിക്കു ശ്വാസം മുട്ടും. കെട്ടിപ്പിടിക്കുമ്പോൾ ഇക്കിളീം കൂടും. ആ കെട്ടിപ്പിടിത്തം ഒട്ടും ഇഷ്ടോമല്ല. എന്നാൽ, കളി കണ്ടിരിക്കാൻ എന്തു രസമാണെന്നോ!

കുടുകുടുകളി ആവേശത്തോടെ കാണുകമാത്രമാണ് തന്റെ ജോലി. രണ്ടുഭാഗത്തായിനിന്ന് രണ്ടു സംഘങ്ങളായിട്ടാണ് കളിക്കാർ നിന്നു കളിക്കുന്നത്. ഒരു സൈഡിൽനിന്ന് ഓരോരുത്തരായി വന്ന് ശ്വാസംവിടാതെ, ഒറ്റശ്വാസത്തിൽ കുടുകുടു എന്ന് ഉറക്കെ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ട് ഓടിവന്ന് എതിർ സൈഡിലുള്ളവരെ തൊടുന്നു. സ്പർശനമേറ്റയാൾ പുറത്താകും. ശ്വാസംവിട്ടുപോയാൽ കുടുകുടു പറഞ്ഞ് തൊടാൻ ഓടിച്ചെല്ലുന്നയാൾ തോറ്റു കളിയിൽനിന്നു പുറത്താകും. ഇങ്ങനെ ഓടിച്ചെല്ലുന്നവരെ മറുപക്ഷക്കാർ വന്ന് കൂട്ടമായി പിടിച്ചുവലിച്ച് നടുസഭയിൽ തൊടീക്കാതെ തോല്പിക്കുന്നതും കളിയുടെ പ്രത്യേകതയാണ്.

ചിലദിവസം കുടുകുടുവണ്ടീ കുട്ടായിവണ്ടി, അപ്പപ്പത്തൽ, ഞാറപ്പത്തൽ താത്തൂ...താത്തൂ.. എന്ന് ശ്വാസം വിടാതെ പാടിക്കൊണ്ടാവും കുടുകുടു കളിക്കുക.

കാലം കുറെ പോയപ്പോൾ കുടുകുടുവിന് പണ്ട് ആൺകുട്ടികൾ കൊടുത്ത കബഡി എന്ന പേരിൽ ദേശീയകളിയാക്കി ഉയർത്തി. ശ്വാസംവിടാതെ ‘കബഡിക്കബഡിക്കബഡി’എന്നു പറഞ്ഞുകൊണ്ടാണ് കബഡികളി.

കബഡികളി കണ്ടിരിക്കാൻ എത്ര ആവേശകരവും രസകരവുമാണെന്നോ!

(തുടരും)

# പരിവർത്തനം അകലെയല്ല



ജോസ് വഴുതനപ്പിള്ളി

**ഒ**രിക്കൽ ഒരു ബിഷപ് സിങ്കപ്പൂരിലേക്കുള്ള യാത്രയിലായിരുന്നു. സിൽക്ക് എയറിന്റെ ആകർഷകമായ ആ ഫ്ളൈറ്റിൽ ബിഷപ്പിനു തൊട്ടടുത്ത് ബിസിനസ് ക്ലാസ്സിൽ യാത്രക്കാരിയായി എത്തിയത് ഒരു ഡാൻസുബാർ നർത്തകിയായിരുന്നു. ഏതോ പെർഫ്യൂമിന്റെ സുഗന്ധം ചുറ്റിലും പരക്കാൻ തുടങ്ങി. ബിഷപ് ഒരു നിമിഷം അവരെ നോക്കി. അവളുടെ അർധനഗ്നമായ ശരീരവും, ആ ദേഹത്തു പച്ച കുത്തിയിരുന്ന സാക്ഷാൽ സാത്താന്റെ രൂപവും കണ്ടു; ഒരു നിമിഷം നെറ്റിചുളിച്ചുവോ എന്നറിയില്ല. ബിഷപ്പിനു തന്റെ സാന്നിധ്യം അരോചകമാകുന്നുവോ എന്നു സംശയിച്ച അവൾ എയർ ഹോസ്റ്റസിനോട് അടക്കത്തിൽ പറഞ്ഞു: "മറ്റൊരിടത്തേക്ക് എന്റെ സീറ്റു മാറ്റിയാൽ നന്നായിരുന്നു; ബിഷപ്പിന് എന്റെ സാന്നിധ്യം അരോചകമാകുന്നുണ്ടാവും."

ഏതായാലും ഈ ആവശ്യം ഉന്നയിക്കുന്നത് ബിഷപ്പും കേൾക്കാനിടയായി. ബിഷപ് ഒന്നു പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "എനിക്കു നിങ്ങൾ ഇവിടെ ഇരിക്കുന്നതുകൊണ്ട് യാതൊരു അസൗകര്യവുമില്ല."

ഒരക്ഷരംപോലും ഉരിയാടാതെ അവർ രണ്ടുപേരും അവിടെത്തന്നെ ഇരുന്നു. എയർഹോസ്റ്റസ് ഭക്ഷണപാനീയങ്ങളുമായി വന്നു. ബിഷപ് ഒന്നും കഴിക്കുന്നുണ്ടായിരുന്നില്ല. അപ്പോൾ അവൾ ചോദിച്ചു: "ബിഷപ് എന്താണ് ഒന്നും കഴിക്കാത്തത്?"

"ഓ ഇപ്പോൾ ലെന്റ് സീസൺ ആണല്ലോ, ഞാൻ നോമ്പ് നോക്കുന്നുണ്ട്"

അവൾ ഒരു ദീർഘനിശ്വാസത്തിനുശേഷം മൊഴിഞ്ഞു: "ഞാനും ഒരു ക്രിസ്ത്യാനിയായി ജനിച്ചവളാണ്. പക്ഷേ, ഇന്നു വിശ്വാസത്തിൽനിന്ന് ഏറെ അകലെയാണ്. എന്താണ് ഈ ലെന്റ് സീസൺ എന്നുപോലും എനിക്കറിയില്ല."

ബിഷപ് അപ്പോൾ അവളെ ഉപദേശിക്കുമെന്നും നോമ്പുകാലത്തെക്കുറിച്ച് ഒരു ലഘുപ്രഭാഷണം നടത്തുമെന്നും അവൾ പ്രതീക്ഷിച്ചു. പക്ഷേ, മൗനം മാത്രം ബാക്കി.

ഒടുവിൽ ബിഷപ്പിനെ ഒന്നു പ്രകോപിപ്പിക്കാൻ എന്നവണ്ണം അവൾ പറഞ്ഞു: "ഞാൻ ഒരു സെവൻസ്റ്റാർ ഹോട്ടലിലെ സ്ട്രിപ്പ് ഡാൻസുകാരിയാണ്. പേര് മരിയ. പള്ളിയിൽപോകാറില്ല, കുമ്പസാരിക്കാറില്ല, എത്രപേരോടൊപ്പവും ഞാൻ അന്തിയുറങ്ങാൻ പോകും. മുന്തിയ ഇനം സ്കോച്ചുണ്ടെങ്കിൽ രാത്രി മുഴുവൻ ഉറങ്ങാതിരിക്കാം." ഇതിനിടെ അവൾ എയർഹോസ്റ്റസിനോടു സ്കോച്ച് കൊണ്ടുവരാൻ ആജ്ഞാപിച്ചു.

ഇത്രയൊക്കെ ആയിട്ടും അവളെ ഉപദേശിക്കാനോ ഒന്നു ദേഷ്യത്തോടെ നോക്കാനോ ബിഷപ് മുതിർന്നില്ല.

അവൾ തെല്ല് അക്ഷമയോടെ ചോദിച്ചു: "ഞാൻ വഴിതെറ്റിപ്പോയ ഒരു ക്രിസ്ത്യാനിയാണെന്നറിഞ്ഞിട്ടും ബിഷപ്പിനു യാതൊരു രോഷവുമില്ലേ?"

ഇതിനിടെ അവൾ ഇഷ്ടംപോലെ മദ്യം അകത്താക്കിക്കൊണ്ടിരുന്നു.

ഒന്നു പുഞ്ചിരിച്ചതൊഴിച്ചാൽ ബിഷപ് പിന്നെയും ഒന്നും ശബ്ദിച്ചില്ല. പശ്ചാത്തപിക്കണമെന്നോ ഭക്തിമാർഗത്തിലേക്കു തിരിയണമെന്നോ പറഞ്ഞില്ല. ഒടുവിൽ ഈ ബിഷപ്പിനു നേരേ ഒരു ബോംബ് വർഷിക്കാൻതന്നെ അവൾ തീരുമാനിച്ചു. അവൾ പറഞ്ഞു: "ഞാൻ വാസ്തവത്തിൽ ഒരു ലെസ്ബിയനാണ്, പള്ളിയേക്കാൾ എനിക്ക് ചെകുത്താനിലാണ് ഏറെ വിശ്വാസം".

പക്ഷേ, ഈ ബോംബും വിഫലമായി. യാതൊരു പ്രതികരണവും ബിഷപ് നൽകിയില്ല.

അല്പനേരത്തെ ഇടവേളയ്ക്കുശേഷം വീണ്ടും മദ്യപിച്ചുകൊണ്ടിരുന്ന അവളെ നോക്കി ബിഷപ് ഇത്രമാത്രം പറഞ്ഞു: "എന്തൊക്കെ ആയിരുന്നാലും നിന്നെ സ്നേഹിക്കുന്ന ഒരു ക്രിസ്തുവുണ്ട്".

"ഞാൻ നരകത്തിലേക്കുള്ള പാസ്പോർട്ട് എടുത്തുവച്ചിരിക്കുന്നവളാണ്. അവിടെ എന്നെ സ്വീകരിക്കാൻ നിങ്ങളുടെ ജീസസ് വരുമോ?"

ബിഷപ് മറുപടിയൊന്നും പറഞ്ഞില്ല.

"നരകത്തിലെ അത്യുഗ്രമായ തീക്കനലുകളെക്കുറിച്ചും ചുട്ടുപഴുക്കുന്ന തീജ്ജ്വാലകളെക്കുറിച്ചും ഒരു കൊച്ചുപ്രസംഗമെങ്കിലും ഞാൻ പ്രതീക്ഷിക്കുന്നു".

ബിഷപ് മൗനം ദീക്ഷിച്ചു, മെല്ലെ കണ്ണടച്ചു.

ഫ്ളൈറ്റ് ലാൻഡ് ചെയ്യാനുള്ള അനൗൺസ്മെന്റ് വന്നപ്പോൾ ബിഷപ് തന്റെ പോക്കറ്റിൽനിന്ന് ഒരു കൊന്തയെടുത്ത് അവൾക്കു നേരേ നീട്ടി: "ഇതു നിങ്ങൾ സ്വീകരിക്കുമോ?"

ഏതായാലും അവൾ തന്റെ രണ്ടു കൈയും നീട്ടി ആ ഉപഹാരം സ്വീകരിച്ചു.

വർഷങ്ങൾ കടന്നുപോയി. തന്നോടൊപ്പം യാത്ര ചെയ്ത, ദേഹത്ത് ചെകുത്താനെ വരച്ചുവച്ച ആ പെൺകുട്ടിയെ ബിഷപ് മറന്നുകളഞ്ഞില്ല. അദ്ദേഹം അവൾക്കായി പ്രാർഥിച്ചുകൊണ്ടിരുന്നു. അവൾക്ക് ഒരു മാനസാന്തരം സാധ്യമാക്കണമെന്ന് അപേക്ഷിച്ചു.

കാലങ്ങൾ പിന്നെയും ഏറെ കടന്നുപോയി. വൃദ്ധനും രോഗാവശനുമായ ബിഷപ് സിറ്റിയിലെ പ്രശസ്തമായ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. അവിടേക്ക് ഒരു ദിവസം ശുഭ്രവസ്ത്രധാരിയായ ഒരു സ്ത്രീ ഒരു പുരുഷനെയും കൂട്ടി കടന്നുചെന്നു. അവർക്ക് അത്യാവശ്യമായി ബിഷപ്പിനെ ഒന്നു കാണണം. ആശുപത്രി



യധികൃതർ അതിനുള്ള സമ്മതം നൽകിയില്ല. ഒടുവിൽ ഏറെ പണിപ്പെട്ട് അവർ സന്ദർശനാനുമതി നേടി.

മെല്ലെ കണ്ണു തുറന്നു ബിഷപ് നോക്കിയപ്പോൾ ആ സ്ത്രീ പുഞ്ചിരിപൊഴിച്ചു. എന്നിട്ടു ചോദിച്ചു: "അങ്ങേക്ക് എന്നെ ഓർമയുണ്ടോ? പണ്ടൊരിക്കൽ സിങ്കപ്പൂർ സിൽക്ക് എയർവേസ് ഫ്ളൈറ്റിൽ ഞാൻ ഒപ്പം ഉണ്ടായിരുന്നു. അന്നെന്റെ ദേഹത്തു ചെകുത്താൻ പച്ചകുത്തിയിരുന്നു. എനിക്കു പള്ളിയിലോ വൈദികരിലോ വിശ്വാസമില്ലായിരുന്നു."

ബിഷപ് മെല്ലെ പുഞ്ചിരിച്ചു: "ഉവ്വ്, എനിക്ക് ഓർമയുണ്ട്."

"പിതാവ് തന്ന കൊന്ത ഞാൻ എന്നും മുടങ്ങാതെ ചൊല്ലുന്നുണ്ട്. ഞാൻ തെറ്റായ വഴികൾ ഉപേക്ഷിച്ച് വിവാഹം കഴിച്ചു. ഈ അടുത്തുനിൽക്കുന്ന ആളാണ് എന്റെ ഭർത്താവ്. എന്റെ പച്ചകുത്തിന്റെ പാടുകൾ ഞാൻ പണിപ്പെട്ടു മാറ്റിയെടുത്തു. ഞാനിപ്പോൾ ഒരു ഉത്തമ വിശ്വാസിയാണ്. ഞങ്ങൾ വന്നത് അങ്ങയോടുള്ള നന്ദി അറിയിക്കാനാണ്."

ബിഷപ്പിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. തന്റെ പ്രാർഥനകൾ വിഫലമായില്ലല്ലോ എന്ന് അദ്ദേഹം സമാശ്വസിച്ചു.

അവൾ തന്റെ കഥ വിശദീകരിച്ചു പറഞ്ഞു: "ഞാൻ ഒരു മായാലോകത്തിലായിരുന്നു. പക്ഷേ, മനസ്സുഖം എന്തെന്ന് അറിഞ്ഞിരുന്നില്ല. ദിശയില്ലാതെ ഒഴുകുന്ന ഒരു പായ്ക്കപ്പലായിരുന്നു ഞാൻ."

"യുവത്വത്തിന്റെ തിളപ്പുകൾ ഏതാണ്ട് അവസാനിച്ചപ്പോൾ, ആസക്തിയുടെ തിരമാലകൾ ശാന്തമായപ്പോൾ, ലൈംഗികതൃഷ്ണകൾക്കു കടിഞ്ഞാൺ ഉണ്ടായപ്പോൾ എനിക്കു തോന്നി ബാറിലെ ഡാൻസ് അവസാനിപ്പിക്കണമെന്ന്. അമിതമായ മോഹങ്ങളെല്ലാം ഉപേക്ഷിച്ചു, കുറേക്കൂടി പക്വത ആർജിച്ചു. പക്ഷേ, അപ്പോഴേക്കും വൈകിപ്പോയിരുന്നു."

"എന്നെ 'ലിവർ സിറോസിസ്' ബാധിച്ചു. ഒരിക്കൽ അവശയായി കിടന്ന എന്നെ ആരൊക്കെയോ കൂടി ഒരു മിഷൻ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. അവിടത്തെ കന്യാസ്ത്രീകൾ എന്നെ സ്നേഹത്തോടെ പരിചരിച്ചു. എന്റെ ചരിത്രം അറിഞ്ഞിരുന്നിട്ടും അവരാരും നെറ്റി ചുളിച്ചില്ല; യാതൊരു വിദ്വേഷവും കാട്ടിയില്ല. രോഗം ഭേദമായപ്പോൾ ഞാൻ എന്റെ ഫ്ളാറ്റിലേക്കു മടങ്ങി. അവിടെ ചെന്നതേ ഞാൻ ഏറെ തപ്പിനടന്നു ബിഷപ് സമ്മാനിച്ച കൊന്ത കണ്ടെത്തി. അന്നുമുതൽ മുടങ്ങാതെ കൊന്തനമസ്കാരം ചൊല്ലാൻ തുടങ്ങി.

വർഷങ്ങൾക്കുശേഷമാണ് ഞാൻ ഒരു ദൈവാലയത്തിൽ പ്രവേശിക്കുന്നത്. അവിടെ ഞാൻ മുട്ടുകുത്തിനിന്ന് പ്രാർഥിച്ചു, കുമ്പസാരിച്ചു, പാപമോചനം യാചിച്ചു."

പലപ്പോഴും തനിക്കു കൊന്ത സമ്മാനിച്ച ബിഷപ്പിനെ അവൾ ഓർത്തു. എന്തൊരു തേജസ്സും ദൈവികശോഭയുമായിരുന്നു അന്ന് ആ മുഖത്തു പ്രകാശിച്ചത്!

കതിർ ചിന്തിനിന്ന, ചുറ്റിലും പ്രസരിച്ചുനിന്ന ക്രിസ്തുവിന്റെ സ്നേഹമല്ലേ ആ കണ്ണുകളിൽ തിളങ്ങിനിന്നത്?

"വൈകിയ വേളയിലും ജീസസിന്റെ സ്നേഹം എന്നെ ഉപേക്ഷിക്കുന്നില്ല എന്ന സത്യം തിരിച്ചറിഞ്ഞപ്പോൾ ഒരു വലിയ പരിവർത്തനമാണ് എന്നിലുണ്ടായത്..."

■

## വിളക്ക്

കുടുംബവിളക്ക്

50



ഫാ. തോമസ് പാട്ടത്തിൽചിറ CMF

**കു**ടുംബം ക്രിസ്തുസാന്നിധ്യം ഓർമിപ്പിക്കുന്ന ഒരു കെടാവിളക്കാണെന്ന അടിസ്ഥാനബോധ്യം നമ്മുടെ കുടുംബാംഗങ്ങൾക്കുണ്ടാകണം. വിളക്കുകളാകാനുള്ള വിളിയാണ് ക്രിസ്തീയകുടുംബങ്ങൾക്കുള്ളത്. കുടുംബം കൽവിളക്കാണ്; അത് ഉടഞ്ഞുപോകാൻ പാടില്ല. വിശ്വാസം അതിലുള്ള എണ്ണയാണ്; അത് ഉറഞ്ഞുപോകാൻ ഇടയാകരുത്. കുടുംബാംഗങ്ങൾ അതിലെ നെയ്ത്തിരികളാണ്; അവർ തെളിക്കപ്പെടാൻ തന്റേടമുള്ളവരായിരിക്കണം. ക്രിസ്തു തിരിനാളമാണ്; അവനെ അണയാതെ കാക്കണം. വിശുദ്ധി അതിന്റെ വെളിച്ചമാണ്; അത് കുടുംബത്തിലാകെ നിറയണം. അപ്പോൾ പീഠത്തിന്മേൽ കൊളുത്തിവയ്ക്കപ്പെട്ട ദീപം പോലെ ഓരോ ക്രൈസ്തവകുടുംബവും ഇരവുപകൽ വ്യത്യാസമെന്യേ ജ്വലിച്ചുനില്ക്കും. ഈശോയുള്ളിടത്ത് ഇരുളുണ്ടാവില്ല. വൈദ്യുതവിളക്കുകൾ കെട്ടുപോയാലും ഭവനമാകുന്ന വിളക്ക് കത്തിനില്ക്കുകതന്നെ വേണം. പാരിടത്തിൽ പെരുകിവരുന്ന അവിശ്വാസത്തിന്റെയും അജ്ഞതയുടെയും അഹന്തയുടെയും അപരാധത്തിന്റെയും അന്ധകാരം അകറ്റാൻ, മാതൃകാജീവിതം നയിക്കുന്ന കുടുംബദീപങ്ങൾക്കുമാത്രമേ കഴിയൂ. കുടുംബാംഗങ്ങളുടെ ധാർമികവും ബലിഷ്ഠവുമായ ബോധ്യങ്ങളും ദൈവികവും മാനുഷികവുമായ മൂല്യങ്ങളും അവയെക്കുറിച്ചുള്ള വിചാരങ്ങളും വീണ്ടുവിചാരങ്ങളുമാണ് കുടുംബങ്ങളെ കനകദീപങ്ങളാക്കുന്നത്. തങ്ങളുടെ കുടുംബവിളക്കിനെ കൂടുതൽ പ്രഭാപൂരിതമാക്കാൻ കുടുംബാംഗങ്ങൾ ഒരുപോലെ പ്രയത്നിക്കണം. പരിശുദ്ധിയുടെ വെട്ടം കൂട്ടുന്നതിനായിരിക്കട്ടെ കുടുംബങ്ങൾക്കു പരസ്പരമുള്ള മത്സരം. വിളക്കിന് ഇളക്കമുണ്ടായാൽ അതിലുള്ളതെല്ലാം നിലംപതിക്കും. ഏതൊരു വെല്ലുവിളിയിലും വേദനയിലും വ്യാധിയിലും വല്ലായ്മയിലും നിലയുറപ്പിച്ചുനിൽക്കാൻ കുടുംബവിളക്കിനു കഴിയണം. കുടുംബദീപം ഒരിക്കലും കരിന്തിരി കത്താൻ ഇടവരുത്തരുത്. നാളിതുവരെയുള്ള വിശ്വാസയാത്രയിൽ നമ്മുടെ കുടുംബം വിശ്വവെളിച്ചമായ ക്രിസ്തുവിനെ വഹിക്കുന്ന ഒരു വിളക്കായിട്ടുണ്ടോ എന്നതായിരിക്കണം അടിസ്ഥാനപരമായ ചോദ്യം. ആയിട്ടുണ്ടെങ്കിൽ അതിനെ പ്രോജ്ജ്വലിപ്പിക്കാൻ പരിശ്രമിക്കുക. ഇല്ലെങ്കിൽ വിളക്കാക്കി മാറ്റാൻ ഇന്നുമുതലെങ്കിലും ഉത്സാഹപൂർവം ഉദ്യമിക്കുക. ദൈവം ഇന്നും ലോകത്തെ സ്നേഹിക്കുന്നു എന്ന സത്യത്തിന്റെ പ്രകാശസാക്ഷ്യങ്ങളായി ക്രൈസ്തവകുടുംബങ്ങൾ വിളങ്ങട്ടെ. കുടുംബമാകുന്ന തങ്കവിളക്കിന്റെ തിളക്കം തലമുറകളിലൂടെ കൈമാറപ്പെട്ട് കാലങ്ങളെ അതിജീവിക്കട്ടെ. 'കുടുംബവിളക്ക്' എന്ന വിചാരപരമ്പരയിലെ 'ദൈവം' മുതൽ 'അയല്ക്കാർ' വരെയുള്ള കഴിഞ്ഞ 49 ശീർഷകങ്ങളിലായി വായിച്ചു ധ്യാനിച്ചവയൊക്കെയും പത്തുപ്രമാണങ്ങളുടെ സംഗ്രഹമായ 'ദൈവത്തോടും അയല്ക്കാരോടുമുള്ള സ്നേഹം' എന്ന സർവോത്കൃഷ്ടമായ പുണ്യത്തിൽ വളരാനും അതുവഴിയായി തങ്ങളുടെ കുടുംബത്തെ ഒരു ദീപമായി രൂപാന്തരപ്പെടുത്താനും ആരെയെങ്കിലുമൊക്കെ അല്പമെങ്കിലും പ്രചോദിപ്പിച്ചിട്ടുണ്ടെങ്കിൽ എന്റെ എളിയതൂലികയ്ക്കു കർമസാഫല്യം!

■

Deepanalam Weekly

RNI No : 16998/68
Vol. 57 No. 49 Date of Publication 13 February 2025
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org